# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
# ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

## സംയോജിത കിലയുടെ
## 20-ാമത്
## എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം
# മിനിട്സ്



**വേദി :**

**തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പർ**

**തിയതി : 20.08.2022** **സമയം : 04.00 pm**

മുളങ്കുന്നത്തുകാവ്, തൃശ്ശൂർ ഫോൺ 0487-2201312

**2022 ആഗസ്റ്റ് 20 ന് വൈകിട്ട് 4.00 ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന സംയോജിത കിലയുടെ ഇരുപതാമത്എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്**

**ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)**

| | | | |
|---|---|---|---|
| 1. | ശ്രീമതി. ശാരദാ മുരളീധരൻ IAS<br>അഡീഷണൽ ചീഫ് സെക്രട്ടറി<br>തദ്ദേശ സ്വയംഭരണ വകുപ്പ്<br>തിരുവനന്തപുരം | : | ചെയർപേഴ്സൺ |
| 2. | ഡോ. ഷർമ്മിള മേരി ജോസഫ് IAS<br>പ്രിൻസിപ്പൽ സെക്രട്ടറി<br>തദ്ദേശ സ്വയംഭരണ വകുപ്പ് | : | മെമ്പർ |
| 3. | ഡോ. ഉമ്മുസൽമ സി<br>ജോയിന്റ് ഡയറക്ടർ (ആരോഗ്യം)<br>തദ്ദേശസ്വയംഭരണ വകുപ്പ് (അർബൻ) പ്രതിനിധി | : | മെമ്പർ |
| 4. | ശ്രീ. സി. പി. ജോസഫ്<br>അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണർ,<br>റൂറൽ ഡെവലപ്പ്മെന്റ്, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം<br>(റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണറുടെ പ്രതിനിധി) | : | മെമ്പർ |
| 5. | ശ്രീ. കെ എസ് അജയകുമാർ<br>അഡീഷണൽ സെക്രട്ടറി (ധനകാര്യം)<br>ധനകാര്യ വകുപ്പ് | : | മെമ്പർ |
| 6. | ശ്രീമതി. ത്രേസ്യാമ ആന്റണി<br>ജോയിന്റ് ഡയറക്ടർ (ഭരണം)<br>തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) പ്രതിനിധി | : | മെമ്പർ |
| 7. | ഡോ. ജോയ് ഇളമൺ<br>ഡയറക്ടർ ജനറൽ, കില | : | കൺവീനർ |

ഐറ്റം നമ്പർ –01

**30.04.2022 തീയ്യതിയിലെ സംയോജിത കിലയുടെ പത്തൊമ്പതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്**

30.04.2022 തീയ്യതിയിലെ സംയോജിത കിലയുടെ പത്തൊമ്പതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.**അനുബന്ധം-1**

**തീരുമാനം:**

**30.04.2022 തീയ്യതിയിലെ സംയോജിത കിലയുടെ പത്തൊമ്പതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു**

**ഐറ്റം നമ്പർ – 02**

**മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ**

| ACTION TAKEN REPORT ON THE DECISION OF THE 19th EXECUTIVE COMMITTEE MEETING HELD ON 30/04/2022 | |
|---|---|
| **Executive Committee Decision** | **Action Taken** |
| **ഐറ്റം നമ്പർ –01**<br>05.02.2022 തീയ്യതിയിലെ സംയോജിത കിലയുടെ പതിനെട്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്<br>**തീരുമാനം :**<br>05.02.2022 തീയ്യതിയിലെ സംയോജിത കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു. | നടപടി പൂർത്തീകരിച്ചു |
| **ഐറ്റം നമ്പർ – 02**<br>മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ<br>**തീരുമാനം:**<br>1. മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി.<br>2. കില തളിപ്പറമ്പ കേന്ദ്രത്തിൽ FST പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ കണ്ടെത്തി നടപടി കൈക്കൊള്ളുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി നിർദ്ദേശിച്ചു. | മാസ്റ്റർ പ്ലാൻ അന്തിമമാക്കുന്ന മുറക്ക് ഈ കാര്യം പരിഗണിക്കുന്നതാണ്. |
| **ഐറ്റം നമ്പർ : 03**<br>ഓഡിറ്ററുടെ നിയമനം സംബന്ധിച്ച്<br>**തീരുമാനം:**<br>2021-22 സാമ്പത്തിക വർഷത്തിൽ കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനുമായി M/s. SGS & COMPANY, CA MED TOWER, X-657-B , PALLIKULAM ROAD, NEAR CHALDEAN CENTRE THRISSUR- 680001 എന്ന സ്ഥാപനത്തെ 75,000 രൂപ ഓഡിറ്റ് ഫീ നിരക്കിൽ നിയമിക്കുന്നതിനുള്ള തീരുമാനം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ ഗവേണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു. | എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിലെ കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനുമായി M/s. SGS & COMPANY, CA MED TOWER, X-657-B , PALLIKULAM ROAD, NEAR CHALDEAN CENTRE THRISSUR- 680001 എന്ന സ്ഥാപനത്തിനെ നിയമിക്കുന്നതിന് 18/05/2022 തിയതിയിലെ ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചതിനെ തുടർന്ന് ടി സ്ഥാപനത്തിനു അറിയിപ്പ് നൽകുകയും ഓഡിറ്റ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| **ഐറ്റം നമ്പർ : 04**<br>2022-23 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ്- സംബന്ധിച്ച്<br><br>**തീരുമാനം :**<br>2022-23 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശയോടെ ഗവേണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചു | എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് 18/05/2022 തീയതിയിലെ ഗവേണിംഗ് കൗൺസിൽ വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുണ്ട് . |
| **ഐറ്റം നമ്പർ – 05**<br>ഗ്രാറ്റിവിറ്റി സ്കീമിന്റെ ഡി.സി.ആർ.ജി തുക – പുതുക്കിയ ആനുകൂല്യം കില ജീവനക്കാർക്ക് ബാധകമാക്കുന്നത് സംബന്ധിച്ച്<br>**തീരുമാനം :**<br>12.02.2021 ലെ G.O. (P) No. 30/2021/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഡി.സി.ആർ.ജി തുക പരമാവധി 17 ലക്ഷമായി 01.04.2021 മുതൽ നിജപ്പെടുത്തി കില ജീവനക്കാർക്ക് ലഭ്യമാക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. ആയതിലേക്കുള്ള നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി | എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം ഡി.സി.ആർ.ജി തുക പരമാവധി 17 ലക്ഷമായി 01.04.2021 മുതൽ നിജപ്പെടുത്തി കില ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചു. |
| **ഐറ്റം നമ്പർ – 06**<br>കില ആസ്ഥാനത്ത് പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് – സംബന്ധിച്ച്<br><br>**തീരുമാനം :**<br>(1) കില ആസ്ഥാനത്ത് പുതിയ കോഴ്സുകൾ/ കോളേജ് തുടങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. കാലിക്കറ്റ് സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത് തുടർനടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി<br>(2) അർബൻ ഗവേണൻസുമായി ബന്ധപ്പെട്ട സ്പെഷലൈസ്ഡ് കോഴ്സുകൾ കൂടി ആരംഭിക്കുന്നതിന് നിർദ്ദേശിച്ചു | കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ആവശ്യപ്പെട്ട രേഖകൾ കൈമാറിയിട്ടുണ്ട്. തുടർനടപടികൾ കൈക്കൊണ്ടുവരുന്നു<br><br>പുതിയ കോഴ്സുകൾ സംബന്ധിച്ച സർവ്വകലാശാലയുമായുള്ള ചർച്ചയിൽ അർബൻ ഗവേണൻസുമായി ബന്ധപ്പെട്ട സ്പെഷലൈസ്ഡ് കോഴ്സുകൾ കൂടി പരിഗണിക്കുന്നതാണ്. |

| | |
|---|---|
| **ഐറ്റം നമ്പർ – 07**<br>കില കാന്റീന്റെ നടത്തിപ്പ് – കരാർ ദീർഘിപ്പിച്ച് നൽകുന്നത് – സംബന്ധിച്ച്<br>**തീരുമാനം :**<br>വിജയശ്രീ കുടുംബശ്രീയുടെ അപേക്ഷ പരിഗണിച്ച് നിലവിലുള്ള നിരക്കിൽ ഒരു വർഷത്തേക്ക് കൂടി (2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ) കരാർ ദീർഘിപ്പിച്ച് നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി | എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം വിജയശ്രീ കുടുംബശ്രീക്ക് നിലവിലുള്ള നിരക്കിൽ ഒരു വർഷത്തേക്ക് (2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ) കരാർ ദീർഘിപ്പിച്ച് നൽകി. |
| **ഐറ്റം നമ്പർ – 08**<br>കിലയിൽ വാഹനങ്ങൾ വാടകക്ക് കരാർ നല്കിയ ഏജൻസിക്ക് കരാർ തുക വർദ്ധിപ്പിച്ച് നല്കുന്നത് – സംബന്ധിച്ച്<br>**തീരുമാനം :**<br>1) ഗുരു ട്രാവൽസ് തിരുവനന്തപുരത്തിന് മൂന്ന് മാസത്തേക്ക് കരാർ നീട്ടി നൽകിയ നടപടി എക്സിക്യൂട്ടീവ് കമ്മറ്റി സാധൂകരിച്ചു.<br>2) ഗുരു ട്രാവൽസ് തിരുവനന്തപുരത്തിന് നിലവിലുള്ള നിരക്കിൽ ഒരു വർഷത്തേക്ക് കൂടി (2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ) കരാർ ദീർഘിപ്പിച്ച് നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി | എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം ഗുരു ട്രാവൽസ് തിരുവനന്തപുരത്തിന് നിലവിലുള്ള നിരക്കിൽ ഒരു വർഷത്തേക്ക് (2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ) കരാർ ദീർഘിപ്പിച്ച് നൽകി. |
| **ഐറ്റം നമ്പർ – 09**<br>കില സഹ്യാദ്രി അതിഥി മന്ദിരം – ഹൌസ് കീപ്പിംഗ് സർവ്വീസ് – സംബന്ധിച്ച്<br>**തീരുമാനം :**<br>കില സഹ്യാദ്രി അതിഥി മന്ദിരത്തിലെ ഹൌസ് കീപ്പിംഗ് ജോലികൾ ചെയ്യുന്നതിലേക്കായി കുടുംബശ്രീയുടെ Kudumbasree Initiative for Business Solutions, (KIBS) എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ട നടപടികൾ എക്സിക്യൂട്ടീവ് കമ്മറ്റി സാധൂകരിച്ചുകൊണ്ട് അംഗീകരിക്കാൻ തീരുമാനിച്ചു. | നടപടി പൂർത്തീകരിച്ചു |
| **ഐറ്റം നം : 10**<br>ജനകീയാസൂത്രണം രജത ജൂബിലി – പുസ്തക പരമ്പര പ്രസിദ്ധീകരിക്കുന്നത് – സംബന്ധിച്ച്<br>**തീരുമാനം :**<br>ജനകീയാസൂത്രണം രജത ജൂബിലിയോടനുബന്ധിച്ച് ന്യൂഡൽഹി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന Concept | |

| | |
|---|---|
| Publishing Company (P) Ltd, A/15-16 , Commercial Block, Mohan Garden, New Delhi – 110 059 എന്ന പ്രസിദ്ധീകരണ സ്ഥാപനവുമായി ചേർന്ന് പുസ്തക പരമ്പര പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ എക്സിക്യൂട്ടീവ് കമ്മറ്റി സാധൂകരിച്ചുകൊണ്ട് അംഗീകരിക്കാൻ തീരുമാനിച്ചു. | ഇതിനകം രണ്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. മറ്റ് പുസ്തകങ്ങളുടെ എഡിറ്റിംഗ് വർക്കുകൾ നടന്ന് വരുന്നു. |
| **ഐറ്റം നമ്പർ – 11**<br>Resilient Kerala Programme For Results പ്രോജക്റ്റ് പ്രവർത്തനം – അംഗീകാരം സംബന്ധിച്ച്<br>**തീരുമാനം :**<br>Resilient Kerala Programme for Results പ്രോജക്റ്റുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി സാധൂകരിച്ചുകൊണ്ട് അംഗീകരിക്കാൻ തീരുമാനിച്ചു. | നടപടി പൂർത്തീകരിച്ചു |
| **ഐറ്റം നം – 12**<br>കിലയിൽ CMA ട്രെയിനികളെ നിയോഗിക്കുന്നത് – സംബന്ധിച്ച്<br>**തീരുമാനം :**<br>കില ആസ്ഥാന കേന്ദ്രത്തിൽ മൂന്ന് CMA ട്രെയിനികളെ നിയോഗിച്ച നടപടികൾ എക്സിക്യൂട്ടീവ് കമ്മറ്റി സാധൂകരിച്ചുകൊണ്ട് അംഗീകരിക്കാൻ തീരുമാനിച്ചു. | നടപടി പൂർത്തീകരിച്ചു |
| **ഐറ്റം നമ്പർ – 13**<br>1) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project – സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികളുടെ ടെണ്ടർ – സബ് കമ്മറ്റിയുടെ അംഗീകാരം ക്രമവൽക്കരിക്കുന്നത് – സംബന്ധിച്ച്<br>2) പദ്ധതി നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ട്<br>**തീരുമാനം :**<br>(1) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ലഭിച്ച ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കുന്നതിലേക്കായി 25.3.2022 തീയതിയിൽ കൂടിയ സബ് കമ്മറ്റിയുടെ മിനിറ്റ്സ് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു<br>(2) കില കിഫ്ബി പദ്ധതി നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മറ്റി ചർച്ച ചെയ്ത് വിലയിരുത്തി | നടപടി പൂർത്തീകരിച്ചു |

| | |
|---|---|
| **ഐറ്റം നമ്പർ : 14**<br>**റിപ്പോർട്ടിംഗ്**<br>I. സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയ, ഉദ്ഘാടനം നടത്താൻ തീരുമാനിച്ചിരിക്കുന്ന പദ്ധതികൾ സംബന്ധിച്ച റിപ്പോർട്ട്<br>1) തദ്ദേശകം പോർട്ടൽ – ഓൺലൈൻ വാർത്താപത്രിക – സംബന്ധിച്ച്<br>2) KILA Global Learning Village UNESCO (Learning City Thrissur)<br>3) Sustainable Development Goal Campaign<br>4) തളിപ്പറമ്പ ക്യാമ്പസ് വിപുലീകരണം<br>5) Localised Weather Reporting (DCAT Tool)<br>II. കില പ്രവർത്തന റിപ്പോർട്ട്<br>**തീരുമാനം :**<br>1) സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ സംബന്ധിച്ച റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മറ്റി ചർച്ച ചെയ്ത് അംഗീകരിച്ചു<br>2) കില പ്രവർത്തന റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. | നടപടി പൂർത്തീകരിച്ചു |

| ACTION TAKEN REPORT ON THE DECISION OF THE 18th EXECUTIVE COMMITTEE MEETING HELD ON 05/02/2022 | |
|---|---|
| **Executive Committee Decision** | **Action Taken** |
| **<u>ഐറ്റം നമ്പർ – 02</u>**<br>മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ<br><br>**തീരുമാനം :**<br>3). 10.08.2021 ലെ കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഐറ്റം നമ്പർ 5 (2) ലെ മൂന്ന് മുൻ ഇ.ടി.സി കളിലെ ആസ്തി വിവരങ്ങൾ സാക്ഷ്യപ്പെടുത്തി കിലയ്ക്ക് അടിയന്തിരമായി ലഭ്യമാക്കുവാൻ ഗ്രാമവികസന കമ്മീഷണറെ കില എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തി. | ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും ആസ്തി വിവരങ്ങൾ സാക്ഷ്യപ്പെടുത്തി ലഭ്യമായിട്ടുണ്ട്. മൂന്ന് കേന്ദ്രങ്ങളിലേയും ആസ്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. |
| 5) 22.02.2021 ലെ കില എക്സിക്യൂട്ടീവ് കമ്മിറ്റി മിനിറ്റ്സ് ഐറ്റം നമ്പർ 2 (1) പ്രകാരം ശ്രീ. അജയകുമാർ.വി (അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (റിട്ട ) ക്ക് കിലയിൽ നിന്ന് നൽകിയ ശമ്പള പരിഷ്കരണ കുടിശ്ശിക തുക കിലയ്ക്ക് ലഭ്യമാക്കുന്നതിലേക്കായി ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി. | ശമ്പള പരിഷ്കരണ കുടിശ്ശിക തുക കിലയ്ക്ക് ലഭ്യമാക്കുന്നതിലേക്കായി ഗ്രാമവികസന കമ്മീഷണർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് |
| **<u>ഐറ്റം നമ്പർ – 03</u>**<br>കില-തളിപ്പറമ്പ് കാമ്പസ് ഒരു അന്താരാഷ്ട്ര നിലവാരമുള്ള അക്കാദമിക് പഠന കേന്ദ്രമാക്കി ഉയർത്തുന്നത് സംബന്ധിച്ച്<br><br>**തീരുമാനം :**<br>ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനും കില തളിപ്പറമ്പ ക്യാമ്പസ് PG Centre ആയി ഉയർത്തുന്നതിനും കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. ആദ്യഘട്ടമെന്ന നിലയിൽ ചുവടെ ചേർക്കുന്ന മൂന്ന് പി.ജി കോഴ്സുകൾ കില തളിപ്പറമ്പ ക്യാമ്പസ്സിൽ ആരംഭിക്കുവാൻ തീരുമാനിച്ചു.<br>1) MA Social Entrepreneurship and Development<br>2) MA Public Policy and Development – ഈ കോഴ്സിന്റെ പേര് MA Public | വിശദമായ **അജണ്ട ഐറ്റം നം.3** ആയി സമർപ്പിച്ചിട്ടുണ്ട്. |

<table>
<tr>
<td>Policy, Development and Climate Action എന്ന് നാമകരണം ചെയ്യുവാൻ ശുപാർശ ചെയ്തു.<br>3) MA Decetralisation and Local Governance<br><br>മേൽ പരാമർശിച്ച കോഴ്സുകൾ കണ്ണൂർ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കണമെന്ന് തീരുമാനിച്ചു. ഇതിലേക്കായി അഞ്ച് ഏക്കറിൽ കുറയാത്ത ഭൂമി കില തളിപ്പറമ്പ ക്യാമ്പസിൽ നീക്കി വെക്കുവാൻ തീരുമാനിച്ചു. കോഴ്സ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കില ഡയറക്ടർ ജനറൽ കണ്ണൂർ സർവ്വകലാശാലയിൽ പ്രാരംഭ അപേക്ഷ നൽകിയ നടപടി ക്രമവൽവരിക്കുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു.<br><br>കില തളിപ്പറമ്പ ക്യാമ്പസിന്റെ ദീർഘകാല വിഭവ പരിപ്രേക്ഷ്യം, നടപടി എന്നിവ സംബന്ധിച്ച വിശദമായ Concept Note തയ്യാറാക്കണമെന്നും എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിച്ചു. തുടർ നടപടി കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.</td>
<td>കില തളിപ്പറമ്പ അന്താരാഷ്ട്ര നേതൃ പഠന കേന്ദ്രമായി പുനർ നാമകരണം ചെയ്തതിനെത്തുടർന്ന് കേന്ദ്രമാനവ വിഭവ ശേഷി വകുപ്പിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് Centre for Excellence രൂപപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലും മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുമായി 4/08/2022 തീയതിയിലെ സ.ഉ(സാധാ) നം. 1901/2022/തസ്വഭവ പ്രകാരം കമ്മറ്റി രൂപീകരിച്ചതിന്റെ വിശദാംശം ചുവടെചേർക്കുന്നു.<br><br>
<table>
<tr><td>1.</td><td>പ്രൊഫ. സജി. ഗോപിനാഥ്, വൈസ് ചാൻസലർ, കേരള ഡിജിറ്റൽ സർവ്വകലാശാല</td><td>ചെയർപേഴ്സൺ</td></tr>
<tr><td>2.</td><td>പ്രൊഫ. ആർ രാമകുമാർ, TISS Mumbai</td><td>മെമ്പർ</td></tr>
<tr><td>3.</td><td>ഡോ രതീഷ് കുമാർ JNU, New Delhi</td><td>മെമ്പർ</td></tr>
<tr><td>4.</td><td>ഡോ. ജിജു പി അലക്സ്, മെമ്പർ പ്ലാനിംഗ് ബോർഡ്</td><td>മെമ്പർ</td></tr>
<tr><td>5.</td><td>ഡോ. ജോയ് ഇളമൺ, ഡയറക്ടർ ജനറൽ കില</td><td>മെമ്പർ</td></tr>
<tr><td>6.</td><td>ഡോ. സി പി. വിനോദ് – ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ സ്പെഷൽ പ്രൈവറ്റ് സെക്രട്ടറി</td><td>മെമ്പർ</td></tr>
</table></td>
</tr>
<tr>
<td><u>ഐറ്റം നമ്പർ –04</u><br>കില തളിപ്പറമ്പ കേന്ദ്രത്തിൽ അക്കാദമിക് /ട്രെയിനിംഗ് ബ്ലോക്കിന്റെ നിർമ്മാണം സംബന്ധിച്ച്<br>തീരുമാനം :<br>1) കില തളിപ്പറമ്പ കേന്ദ്രത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള അക്കാദമിക് /ട്രെയിനിംഗ് ബ്ലോക്കിന്റെ</td>
<td>തീരുമാന പ്രകാരം തളിപ്പറമ്പ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ</td>
</tr>
</table>

| | |
|---|---|
| നിർമ്മാണം തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നടപ്പിലാക്കുന്നതിന് കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർ നടപടി കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഏൽപ്പിച്ച സോയിൽ ടെസ്റ്റ് റിപ്പോർട്ട് എൻജിനീയറിംഗ് കോളേജിൽ നിന്ന് ലഭിക്കുന്നതിനനുസരിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ് എന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചിട്ടുണ്ട്.<br><br>പുതിയ അക്കാദമിക് കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ വർക്ക് എൻജിനീയറിംഗ് കോളേജ് അധികൃതരുടെ നേതൃത്വത്തിൽ അന്തിമഘട്ടത്തിലാണ്. |
| 2) കാമ്പസ്സിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. ഇതിനായി ടൗൺ പ്ലാനിംഗ് വിദഗ്ധരെ നിയോഗിച്ച് നടപടി കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം കാമ്പസ്സിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ആയത് ബഹു. മുഖ്യമന്ത്രി മുമ്പാകെ 13/06/2022 തീയതിയിലെ തളിപ്പറമ്പ സെന്ററിന്റെ വികസനവുമായി ബന്ധപ്പെട്ട ഉദ്ഘാടനവേദിയിൽ അവതരിപ്പിക്കുകയുണ്ടായി. നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ പുതുക്കി വരികയാണ്. |
| **<u>ഐറ്റം നമ്പർ –07</u>**<br>കിലയിലെ മുൻ ഫാക്കൽറ്റികളായ ഡോ.ഉമ്മൻജോൺ, ഡോ.ലീലാകുമാരി എന്നിവരുടെ യു.ജി.സി പേ റിവിഷൻ പ്രകാരമുള്ള കുടിശ്ശികതുക – സംബന്ധിച്ച്<br>**തീരുമാനം :**<br>കില –സി.എച്ച്.ആർ.ഡിയിലെ മുൻ ഫാക്കൽറ്റി അംഗങ്ങളുടെ യു.ജി.സി ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും ലഭ്യമാക്കുന്നതിനായി ധനകാര്യ വകുപ്പിലേക്ക് അപേക്ഷ സമർപ്പിക്കാൻ കില എക്സിക്യൂട്ടീവ് കമ്മിറ്റി ശുപാർശ ചെയ്തു. അതോടൊപ്പം കേന്ദ്രഗ്രാമവികസനമന്ത്രാലയത്തിൽ നിന്നും തുക ലഭ്യമാക്കുന്നതിലേക്കായി തുടർനടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | യു.ജി.സി ശമ്പളപരിഷ്കരണം സമയബന്ധിതമായി അനുവദിക്കാതെ കാലതാമസം വരുത്തിയത് സംസ്ഥാന സർക്കാരാണെന്നും ആയതിനാൽ കുടിശ്ശിക അനുവദിക്കുന്ന വിഷയം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കണമെന്ന് 9.12.2021 ലെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിലെ കത്ത് മുഖാന്തിരം കിലയിലേക്ക് അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് 05.02.2022 ലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം വിശദ വിവരങ്ങൾ പ്രതിപാദിച്ചുകൊണ്ടുള്ള അപേക്ഷ സംസ്ഥാന സർക്കാരിലേക്കും കേന്ദ്ര ഗ്രാമവികസനമന്ത്രാലയത്തിലേക്കും സമർപ്പിച്ചിരിക്കുകയാണ്. ശമ്പള കുടിശ്ശികയുമായി ബന്ധപ്പെട്ട് Centralised Public Grievance Redress and Monitoring System (CPGRAMS) പോർട്ടലിൽ ഡോ. ഉമ്മൻ ജോൺ സമർപ്പിച്ച അപേക്ഷ ബഹു മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ മുഖേന ലഭ്യമായതനുസരിച്ച് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനം പ്രതിപാദിച്ചുകൊണ്ട് മറുപടി തയാറാക്കി CMO പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുണ്ട് |

| | |
|---|---|
| | CPGRAMS പോർട്ടലിൽ ഡോ. ഉമ്മൻ ജോൺ സമർപ്പിച്ച അപേക്ഷ പെൻഡിംഗ് ആണെന്ന് അറിയിച്ചുകൊണ്ട് Under Secretary to Govt of India, MoRD ഇമെയിൽ മുഖേന അറിയിച്ചതനുസരിച്ച് കിലക്ക് CPGRAMS ൽ ലോഗിൻ ഇല്ലാത്തതിനാൽ പ്രസ്തുത അപേക്ഷക്കുള്ള മറുപടി ഇമെയിൽ മുഖേന MoRD യിലേക്ക് ലഭ്യമാക്കിയിട്ടുമുണ്ട് . |
| <u>**ഐറ്റം നമ്പർ – 14**</u><br>പതിനൊന്നാം ശമ്പളപരിഷ്കരണം ആനുകൂല്യം കില ജീവനക്കാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച്<br>**തീരുമാനം :**<br>പതിനൊന്നാം ശമ്പളപരിഷ്കരണം ആനുകൂല്യം കില ജീവനക്കാർക്ക് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കില എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു. പ്രസ്തുത പ്രൊപ്പോസൽ കില എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചു. | പതിനൊന്നാം ശമ്പളപരിഷ്കരണ ആനുകൂല്യം കില ജീവനക്കാർക്ക് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ 18/05/2022 തീയതിയിലെ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചത് പ്രകാരം വിശദമായ പ്രൊപ്പോസൽ (Administrative വിഭാഗം ജീവനക്കാരുടെ) (KILA/2022/918/HQ dt. 25/7/2022) സർക്കാരിലേക്ക് സമർപ്പിട്ടുണ്ട് |
| <u>**ഐറ്റം നമ്പർ – 16**</u><br>കില വികസനം – ഭൂമി ഏറ്റെടുക്കുന്നതിലേക്കായി 62 .74 കോടി രൂപ ലാൻഡ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൌണ്ടിലേക്ക് അടക്കുന്നതിലേക്കായി സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച്<br>**തീരുമാനം :**<br>കില എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും സർക്കാരിൽ നിന്ന് തുക അനുവദിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാന പ്രകാരം സംസ്ഥാന സർക്കാരിൽ നിന്നും അധിക ധനസഹായം ലഭിക്കുന്നതിലേക്കായി അപേക്ഷ സമർപ്പിച്ചതിനെത്തുടർന്ന് സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് കിലയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിലേക്കായി സർക്കാരിൽ നിന്ന് ധനസഹായം അനുവദിച്ച് നൽകണമെന്ന ആവശ്യം പരിഗണിക്കാനാവില്ലായെന്നും ടി തുക കിലയുടെ ഫണ്ടിൽ നിന്നും കണ്ടെത്തണമെന്നും 14/06/2022 തീയതിയിലെ തസ്വഭവ-ഐബി2/18/2022-തസ്വഭവ കത്ത് മുഖാന്തിരം അറിയിപ്പ് ലഭ്യമായിട്ടുണ്ട്.<br>കില കാമ്പസിനോട് ചേർന്ന് കിടക്കുന്ന പ്രസ്തുത ഭൂമി കിലക്ക് ലഭ്യമാകുന്ന മുറക്ക് കില കൺവെൻഷൻ സെന്ററിന്റെ നിർമ്മാണത്തിനായി സർക്കാർ ഉത്തരവ് |

| | |
|---|---|
| | പ്രകാരം 50 കോടി രൂപക്ക് ഭരണാനുമതി ലഭ്യമായിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കുന്ന മുറക്ക് മാത്രമേ കൺവെൻഷൻ സെന്ററിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഭൂമിയുടെ അടിസ്ഥാന വിലയിൽ ഉണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ഭരണാനുമതി ലഭ്യമായ ടി 50 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിനായി 17/06/2022 തീയതിയിലെ കില/2016/101/588 നമ്പർ കത്ത് മുഖേന സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| <u>ഐറ്റം നമ്പർ –17</u><br>കിലയിൽ കരാർ ഏറ്റെടുത്തു നടത്തുന്ന ഏജൻസികളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്നവരുടെ EPF ആനുകൂല്യം - കുടിശ്ശിക തുക അടച്ചത് സംബന്ധിച്ച്<br>**തീരുമാനം :**<br>കില ഡയറക്ടർ ജനറലിന്റെ നടപടികൾ വിശദമായി ചർച്ച ചെയ്ത് കില എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു. | വിശദമായ **അജണ്ട ഐറ്റം നം.6** ആയി സമർപ്പിച്ചിട്ടുണ്ട്. |
| <u>ഐറ്റം നമ്പർ – 18</u><br>കില ജീവനക്കാർക്ക് സമഗ്ര ആരോഗ്യ പരിരക്ഷ നടപ്പാക്കുന്നത്-അനുമതി സംബന്ധിച്ച്<br>**തീരുമാനം:**<br>സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അവരുടെ ആശ്രിതർക്കുമായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആയ മെഡിസെപ് (Medisep) പദ്ധതി ആനുകൂല്യം തദ്ദേശസ്വയം ഭരണ വകുപ്പിന് കീഴിലുള്ള ഒരു സ്വയം ഭരണ സ്ഥാപനമായ കിലയിലെ ജീവനക്കാർക്ക് കൂടി ബാധകമാക്കുന്നതിന് സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്യാൻ കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർനടപടികൾ സ്വീകരിക്കാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചപ്പോൾ കേരള സർക്കാരിന്റെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കില ഒരു സ്വയംഭരണാധികാരമുള്ള ഏജൻസി ആയതിനാൽ കിലയിലെ ജീവനക്കാരെ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നിലവിൽ നിർവ്വാഹമില്ലെന്നും സമാനമായ സ്ഥാപനങ്ങൾക്ക് മെഡിസെപ് നടപ്പിലാക്കുന്ന അവസരത്തിൽ കിലയെ പരിഗണിക്കാം എന്ന അറിയിപ്പാണ് സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളത്.<br><br>ഈ സാഹചര്യത്തിൽ 23.06.2021 തിയതിയിലെ സർക്കാർ കത്തിലെ നിർദ്ദേശപ്രകാരം കില ഫെസിലിറ്റേറ്റർ ആയി നിന്നുകൊണ്ട് പോളിസി തുക നിശ്ചയിച്ച് ആയതിന്റെ മുഴുവൻ പ്രീമിയം തുകയും ജീവനക്കാർ വഹിക്കുന്ന രീതിയിൽ കില ജീവനക്കാരേയും കുടുംബാംഗങ്ങളേയും |

| | |
|---|---|
| | ഉൾപെടുത്തിക്കൊണ്ട് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനായി താല്പര്യമുള്ള ജീവനക്കാരുടെയും കുടുബാംഗങ്ങളുടെയും വിശദാംശം നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. |

| ACTION TAKEN REPORT ON THE DECISION OF THE 17th EXECUTIVE COMMITTEE MEETING HELD ON 09/11/2021 | |
|---|---|
| **Executive Committee Decision** | **Action Taken** |
| **<u>ഐറ്റം നമ്പർ – 02</u>**<br>മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ<br>**തീരുമാനം :** | |
| 2.10/08/2021 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി ഐറ്റം നം: 13 – കില ലാന്റ് അക്വിസിഷൻ അപ്പീൽ കേസുകളുടെ പ്രൊഫഷണൽ ഫീ നിരക്ക് സംബന്ധിച്ച് അഡ്വക്കേറ്റുമായി ചർച്ച ചെയ്ത് സമവായത്തിലെത്തുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി. | തീരുമാനപ്രകാരം കില ലാന്റ് അക്വിസിഷൻ അപ്പീൽ കേസുകളുടെ പ്രൊഫഷണൽ ഫീ നിരക്കിന്റെ ഒന്നാം ഗഡുവായി 5 ലക്ഷം രൂപ 08/06/2022 തീയതിയിൽ കില/2021/1444 നമ്പർ ഫയൽ മുഖാന്തിരം നൽകിയിട്ടുണ്ട് |
| 3. 22/02/2021 എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതി പ്രകാരം SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ FCRA അക്കൗണ്ട് തുടങ്ങുന്നതിനുള്ള നടപടിക്രമത്തിന്റെ ഭാഗമായി ഏതു തരം അക്കൗണ്ട് ആണ് കില ഓപ്പൺ ചെയ്യുന്നത് എന്നത് അറിയിക്കണമെന്ന് FCRA CELL ൽ നിന്ന് നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടു:<br>• SBI യുടെ ന്യൂഡൽഹിയിലെ മെയിൻ ബ്രാഞ്ചിൽ കിലക്ക് ലഭിക്കുന്ന FCRA fund കൈകാര്യം ചെയ്യുന്നതിലേക്കായി Current Account കില ഡയറക്ടർ ജനറലിന്റെ പേരിൽ തുടങ്ങുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. | കേന്ദ്ര ഗവൺമെന്റിന്റെയോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ എക്സിക്യൂട്ടീവ് ഉത്തരവ്, അതത് സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതും അവരുടെ അക്കൗണ്ടുകൾ കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ (സിഎജി) അല്ലെങ്കിൽ സിഎജിയുടെ ഏതെങ്കിലും ഏജൻസികൾ നിർബന്ധമായും ഓഡിറ്റ് ചെയ്യുന്ന സ്ഥാപനങ്ങളെ/ സംഘടനകളെ കേന്ദ്ര സർക്കാർ അസാധാരണ ഗസറ്റ് പ്രകാരം FCRA നിയമത്തിലെ എല്ലാ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് കിലക്കും ബാധകമാണ് എന്നതിനാൽ തുടർനടപടി ആവശ്യമില്ല . |

| ACTION TAKEN REPORT ON THE DECISION OF THE 15th EXECUTIVE COMMITTEE MEETING HELD ON 10/08/2021 | |
|---|---|
| **Executive Committee Decision** | **Action Taken** |
| <u>**ഐറ്റം നമ്പർ – 3**</u><br>ഓഡിറ്റ് റിപ്പോർട്ട്: 2020-21 അംഗീകരിക്കുന്നത് സംബന്ധിച്ച്<br>**തീരുമാനം :**<br>2) ഓഡിറ്റ് റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ വിശദമായി ചർച്ച് ചെയ്ത് താഴെപ്പറയുന്ന കാര്യങ്ങൾ വിലയിരുത്തുകയും തീരുമാനിക്കുയുമുണ്ടായി.<br>(1) 2012-13 മുതൽ 2014-15 വരെയും 2015-16 മുതൽ 2016-17 വരെയുള്ള കാലഘട്ടങ്ങളിലെ സംസ്ഥാന സർക്കാരിൽ നിന്നും കിലക്ക് അനുവദിച്ച് നൽകിയിട്ടുള്ള ഗ്രാന്റ് ഇൻ എയ്ഡ് (പ്ലാൻ) ധനസഹായത്താൽ നടപ്പിലാക്കിയ കാര്യശേഷി വികസന പരിപാടികൾക്ക് സർവ്വീസ് ടാക്സ് ചുമത്തിക്കൊണ്ട് Central Board of Indirect Tax and Customs ൽ നിന്നും ലഭ്യമായ ഡിമാന്റ് നോട്ടീസിന്മേൽ Department of Customs and Excise and Service Tax Banglore ലുള്ള Appellate Tribunal മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു. ടി അപ്പീലിന്മേലുള്ള ഹിയറിംഗ് pending ആണ് എന്ന് വിലയിരുത്തി. | Department of Customs and Excise and Service Tax Bangalore ലുള്ള Appellate Tribunal മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേലുള്ള ഹിയറിംഗ് pending ആണ്. |
| (2) കേന്ദ്ര സർക്കാരിന്റെ ധനസഹായത്താൽ നടപ്പിലാക്കുന്ന കാര്യശേഷി വികസന പദ്ധതിക്ക് സർവ്വീസ് ടാക്സ് ഒഴിവാക്കിയിട്ടുള്ളത് പോലെതന്നെ സംസ്ഥാന സർക്കാരിന്റെ ധനസഹായത്താൽ നടപ്പിലാക്കുന്ന കാര്യശേഷി വികസന പദ്ധതിക്ക് സർവ്വീസ് ടാക്സ് ഒഴിവാക്കുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിൽ നിന്നും കേന്ദ്ര ധനകാര്യ വകുപ്പിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ തീരുമാനിച്ചു.<br>നടപടി: കില ഡയറക്ടർ ജനറൽ | സർവ്വീസ് ടാക്സ് ഒഴിവാക്കുന്നതിനായി സംസ്ഥാന ധനകാര്യ വകുപ്പിൽ നിന്നും കേന്ദ്ര ധനകാര്യ വകുപ്പിലേക്ക് സമർപ്പിക്കുന്നതിനാവശ്യമായ കരട് കത്ത് സഹിതം 2016/101/370/HQ നമ്പർ അപേക്ഷ 25/08/2021 തീയതിയിൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| **ഐറ്റം നമ്പർ – 17**<br>പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project – സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം ലഭ്യമാകുന്നത് സംബന്ധിച്ച് – | |
| **തീരുമാനം :** തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിലൂടെ മാത്രമേ 18/06/2019-ലെ സർക്കാർ ഉത്തരവ് നം. G.O (Rt) No.2396/2019/GEDN സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്കൂളുകളുടെ പദ്ധതി നിർവ്വഹണം നടത്താനാവുകയുള്ളൂ എന്നതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം ലഭ്യമാക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശയോടെ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള ഗവേണിംഗ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനും തീരുമാനത്തിനുമായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു. | കില KIIFB project മുഖേനയുള്ള സ്കൂളുകളുടെ വികസന പദ്ധതി നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം ലഭ്യമാക്കുന്നതിലേക്കായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഉത്തരവ് ലഭ്യമായിട്ടില്ല.<br>ടി വിഷയവുമായി ബന്ധപ്പെട്ട് 30.06.2022 തീയതിയിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്.<br>എഞ്ചിനീയറിങ് വൈദഗ്ധ്യത്തിന് മുകളിൽ കില ഡയറക്ടർ ജനറലിന് കില കിഫ്ബി സ്കൂൾ നിർമ്മാണ പദ്ധതിയിൽ ഇടപെടുന്നതിന് പരിമിതികൾ ഉള്ളതിനാൽ കില പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ പൂർണ്ണ ചുമതല LID & EW ചീഫ് എഞ്ചിനീയർക്ക് ആയിരിക്കണമെന്നും, ചീഫ് എഞ്ചിനീയർ പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ തലവൻ എന്ന രീതിയിൽ സൂപ്പർവൈസറി ഇടപെടലുകൾ നടത്തണമെന്നും തീരുമാനിച്ചിട്ടുണ്ട്. |

| ACTION TAKEN REPORT ON THE DECISION OF THE 13th EXECUTIVE COMMITTEE MEETING HELD ON 22/02/2021 | |
|---|---|
| **Executive Committee Decision** | **Action Taken** |
| **അദ്ധ്യക്ഷ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ**<br>**ഐറ്റം നമ്പർ –01**<br>പഠന റിപ്പോർട്ട് തയ്യാറാക്കുന്നത് - സംബന്ധിച്ച്<br>**തീരുമാനം**<br>ലൈഫ് മിഷനുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കിലയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. | ആദ്യ കരട് റിപ്പോർട്ട് തയ്യാറാക്കുകയും കൂടുതൽ ഡാറ്റാ ആവശ്യമായ സാഹചര്യത്തിൽ ആയത് ലൈഫ് മിഷനിൽ നിന്നും ശേഖരിച്ച് വരികയാണ്. കരട് റിപ്പോർട്ട് രണ്ട് മാസത്തിനകം തയ്യാറാക്കുവാൻ സാധ്യമാകും. |

| **തീരുമാനം:** | |
|---|---|
| 1. | മുൻ എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി അംഗീകരിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. |
| 2. | 05/02/2022 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനം – ഐറ്റം നമ്പർ – 07:– കിലയിലെ മുൻ ഫാക്കൽറ്റികളായ ഡോ.ഉമ്മൻജോൺ, ഡോ.ലീലാകുമാരി എന്നിവരുടെ യു.ജി.സി പേ റിവിഷൻ പ്രകാരമുള്ള കുടിശ്ശികതുക – സംബന്ധിച്ച് കില കൊട്ടാരക്കര കേന്ദ്രത്തിലെ (മുൻ എസ്.ഐ.ആർഡി) ഫാക്കൽറ്റി അംഗങ്ങളുടെ ശമ്പളവും അനുബന്ധച്ചെലവുകളും പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിച്ചുവരുന്നത് എന്നതിനാൽ മുൻ ഫാക്കൽറ്റികളായിരുന്ന ഡോ.ഉമ്മൻ ജോൺ, ഡോ.ലീലാകുമാരി എന്നിവരുടെ യു.ജി.സി പേ റിവിഷൻ പ്രകാരമുള്ള കുടിശ്ശികതുക അനുവദിക്കുന്നതിനായി കേന്ദ്രസർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു എന്നാൽ യു.ജി.സി ശമ്പളപരിഷ്കരണം സമയബന്ധിതമായി അനുവദിക്കാതെ കാലതാമസം വരുത്തിയത് സംസ്ഥാന സർക്കാരാണെന്നും ആയതിനാൽ കുടിശ്ശിക അനുവദിക്കുന്ന വിഷയം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കണമെന്നാണ് 9.12.2021 ലെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിലെ കത്ത് മുഖാന്തിരം കിലയിലേക്ക് അറിയിപ്പ് ലഭിച്ചിട്ടുള്ളത്. തുടർന്ന് കില എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം വിശദ വിവരങ്ങൾ പ്രതിപാദിച്ചുകൊണ്ടുള്ള അപേക്ഷകളും ഓർമ്മക്കുറിപ്പുകളും സംസ്ഥാന സർക്കാരിലേക്ക് സമർപ്പിച്ചെങ്കിലും നാളിതുവരെ ആയത് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമായിട്ടില്ല. ടി വിഷയം എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്ത് വിലയിരുത്തിയതിനെത്തുടർന്ന് മുൻ ഫാക്കൽറ്റി അംഗങ്ങളായ ഡോ.ഉമ്മൻജോൺ, ഡോ.ലീലാകുമാരി എന്നിവരുടെ യു.ജി.സി പേ റിവിഷൻ പ്രകാരമുള്ള കുടിശ്ശികതുക കിലയിലെ മറ്റ് ഫാക്കൽറ്റി അംഗങ്ങൾക്ക് അനുവദിച്ച് നൽകിയത് പ്രകാരം തന്നെ കിലയുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി |

| | |
|---|---|
| 3. | 05/02/2022 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനം – ഐറ്റം നമ്പർ – 18–കില ജീവനക്കാർക്ക് സമഗ്ര ആരോഗ്യ പരിരക്ഷ നടപ്പാക്കുന്നത്–അനുമതി സംബന്ധിച്ച്<br><br>കില ജീവനക്കാരേയും കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനായി താല്പര്യമുള്ള ജീവനക്കാരുടെയും കുടുംബാംഗങ്ങളുടെയും വിശദാംശങ്ങൾ അടങ്ങിയ പ്രൊപ്പോസൽ അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി |
| 4. | 09/11/2021 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനം – ഐറ്റം നമ്പർ – 02– മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ<br>അജണ്ട നോട്ടിൽ കില ലാന്റ് അക്വിസിഷൻ അപ്പീൽ കേസുകളുടെ പ്രൊഫഷണൽ ഫീസ് ഒന്നാം ഗഡുവായി നൽകി എന്നത് തെറ്റായി രേഖപ്പെടുത്തിയാണെന്ന് സ്പഷ്ടീകരിച്ചുകൊണ്ടും അഭിഭാഷകന് 5 ലക്ഷം രൂപ ഫീസായി നൽകിയത് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ച് സാധൂകരിച്ചു. |
| 5. | 10/08/2021 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനം – ഐറ്റം നമ്പർ – 17– പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം– KILA– KIIFB project – സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം ലഭ്യമാകുന്നത് സംബന്ധിച്ച് –<br><br>തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിന് കില KIIFB പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുഖേനയുള്ള സ്കൂളുകളുടെ നിർമ്മാണ പ്രവർത്തികളുടെ ചുമതല ഉണ്ടാകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു. ടി വിഷയം സംബന്ധിച്ച വിശദമായ നോട്ട് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. തുടർ നടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി |

**ഐറ്റം നമ്പർ : 03**

## കില – തളിപ്പറമ്പ് ക്യാമ്പസ് അന്താരാഷ്ട്ര നിലവാരമുള്ള അക്കാദമിക് പഠന കേന്ദ്രമാക്കി ഉയർത്തുന്നത് – സംബന്ധിച്ച്

കില തളിപ്പറമ്പ കേന്ദ്രം സോഷ്യൽ എഞ്ചിനീയറിംഗ് ഉൾപ്പടെയുള്ള ഉന്നത പഠന, ഗവേഷണ, പരിശീലന, വിജ്ഞാന വിനിമയ കേന്ദ്രമാക്കി വികസിപ്പിക്കണമെന്ന വീക്ഷണത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾക്കായി ദീർഘവീക്ഷണത്തോടെ, കേരളത്തിന്റെയും ഇന്ത്യയുടെയും അത്തരം സുസ്ഥിര വികസനത്തിനാവശ്യമായ ഭരണ കർത്താക്കളെ സൃഷ്ടിക്കുന്നതിന് ലക്ഷ്യമാക്കിയുള്ള പരിപാടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കില – സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആന്റ് വേസ്റ്റ് മാനേജ്മെന്റ് (KILA – COFWM) എന്നതിനു പകരം അന്താരാഷ്ട്ര നേതൃപഠന കേന്ദ്രം, കേരള (International Centre for Leadership Studies, Kerala) എന്ന് പുനർനാമകരണം ചെയ്യുകയും ഈ കേന്ദ്രത്തിന് കീഴിൽ സ്ഥാപിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് കോളേജിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആന്റ് ലീഡർഷിപ്പ് ( Institute of Public Policy and Leadership) എന്ന് നാമകരണം ചെയ്യുന്നതിനും 18/05/2022 ന് ചേർന്ന കില ഗവേണിംഗ് കൗൺസിൽ യോഗത്തിൽ തീരുമാനിച്ചു.

2022-23 അദ്ധ്യയന വർഷത്തിൽ തന്നെ MA Social Entrepreneurship and Development, MA Public Policy and Development, MA Decetralisation and Local Governance എന്നീ മൂന്ന് PG കോഴ്സുകൾ ആരംഭിക്കുവാൻ ഗവേണിംഗ് കൗൺസിൽ തീരുമാനിച്ചു. ഇതിനാവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി. അതോടൊപ്പം കോഴ്സ് തുടങ്ങുന്നതിനാവശ്യമായ വിവിധ മാനവ വിഭവ ശേഷി, സംവിധാനങ്ങൾ എന്നിവ സർവ്വകലാശാല നിർദ്ദേശിക്കുന്ന രീതിയിൽ ഒരുക്കുന്നതിനും കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി

പുതിയ കോളേജ്/കോഴ്സുകൾ അനുവദിക്കുന്നതിനായി സർക്കാരിൽ നിന്നുള്ള ഭരണാനുമതി/NOC ലഭ്യമായത് പ്രകാരം കണ്ണൂർ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്ത് കോഴ്സ് ആരംഭിക്കുന്നിനുള്ള അനുമതി ലഭ്യമായിട്ടുണ്ട് **(അനുബന്ധം – 2,** ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്

1. കോഴ്സുകളുടെ സിലബസ് (കരട് ) അന്തിമ ഘട്ടത്തിലാണ്.
2. കിലയിൽ ആരംഭിക്കുന്ന മൂന്ന് പി. ജി. കോഴ്സുകളിലേക്കുള്ള അപേക്ഷ ക്ഷണിക്കുന്നതിനായുള്ള പത്രപരസ്യം തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ നടപടിക്രമം സംബന്ധിച്ച് യൂണിവേഴ്സിറ്റിയുമായി ചർച്ച ചെയ്ത് തീരുമാനത്തിൽ എത്തിയിട്ടുണ്ട്.
3. കിലയിൽ ആരംഭിക്കുന്ന മൂന്ന് പി. ജി. കോഴ്സുകളിലേക്കുള്ള അപേക്ഷാ ഫീസ് സമാന കോഴ്സുകൾക്കുള്ള അപേക്ഷാ ഫീസിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കേണ്ടതുണ്ട്.
4. ട്യൂഷൻ ഫീ സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്.
5. ആദ്യഘട്ടത്തിൽ മൂന്ന് പി.ജി. കോഴ്സുകളിലേക്കും സ്കോളർഷിപ്പ് ഏർപ്പെടുത്താവുന്നതും ആയത് Capability Development, Development of Centers handed over to KILA (Programmes) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്താവുന്നതാണ്.
6. വിദ്യാർത്ഥികൾക്കുള്ള താമസവും ഭക്ഷണവും Subsidised നിരക്കിൽ, നിലവിൽ കിലയിലെ ഇന്റേൺഷിപ്പ് വിദ്യാർത്ഥികൾക്കായി നിജപ്പെടുത്തിയിട്ടുള്ള നിരക്ക്

ഈടാക്കാവുന്നതാണ്. (നിരക്ക് :- താമസ ചെലവ് ഒരു ദിവസത്തേക്ക് 75 രൂപ , ഭക്ഷണത്തിന് ഒരു ദിവസത്തേക്ക് 75 രൂപ)

7. അക്കാദമിക വിഭാഗത്തിന്റെ തലവനായി (Head) ഡയറക്ടർ/പ്രിൻസിപ്പാൾ എന്ന നിലയിൽ ഒരാളെ ചുമതലപ്പെടുത്തേണ്ടതുണ്ട്.
8. കോഴ്സ് ആരംഭിക്കുന്നതിലേക്കായി Entrance Examination നടത്തേണ്ടതുണ്ട്.
9. കണ്ണൂർ യൂണിവേഴ്സിറ്റിയുടേയും സർക്കാരിന്റെയും നിയമത്തിനനുസൃതമായി സംവരണം ഏർപ്പെടുത്തേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും പ്രസ്തുത കോഴ്സിലേക്കുള്ള പ്രവേശനത്തിന് സംവരണം ഏർപ്പെടുത്തി പ്രാതിനിധ്യം ഉറപ്പുവരുത്താവുന്നതാണ്.
10. കോഴ്സുകളുടെ സിലബസ് അംഗീകരിക്കുന്ന മുറക്ക് ആവശ്യമായ അദ്ധ്യാപകരെ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനിക്കേണ്ടതുണ്ട്

**മേൽ വിശദാംശം എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ തുടർ നിർദ്ദേശത്തിനും തീരുമാനത്തിനുമായി സമർപ്പിക്കുന്നു**

**തീരുമാനം:**

1). **കില തളിപ്പറമ്പ അന്താരാഷ്ട്ര നേതൃപഠന കേന്ദ്രത്തിന് കീഴിലുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് കോളേജിലാരംഭിക്കുന്ന മൂന്ന് പിജി കോഴ്സുകളും മികച്ച നിലവാരത്തിലും വീഴ്ചകൂടാതെയും നടപ്പാക്കേണ്ടതുണ്ടെന്ന് എക്സിക്യൂട്ടീവ് കമ്മറ്റി വിലയിരുത്തി.**

2). **അക്കാദമിക വിഭാഗത്തിന്റെതലവനായി (Head) ഡയറക്ടർ / പ്രിൻസിപ്പാൾ, കോർ ഫാക്കൽറ്റി അംഗങ്ങൾ എന്നിവരുടെ നിയമനം, കാര്യക്ഷമമായി കോഴ്സ് നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനും ഘട്ടം ഘട്ടമായി തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു.തുടർ നടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.**

**ഐറ്റം നമ്പർ : 04**

**കില – ഓഡിറ്റോറിയം നവീകരണം – പ്രവർത്തന പുരോഗതി – സംബന്ധിച്ച്**

കില ഓഡിറ്റോറിയം നവീകരണ പദ്ധതി 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതാണ്. നവീകരണം സംബന്ധിച്ച വിശദാംശം ചുവടെചേർക്കുന്നു.

1). 2017-18 സാമ്പത്തിക വർഷത്തിലെ സർക്കാർ ധനസഹായം ലഭ്യമായതിൽ 300 ലക്ഷം രൂപ കില ഓഡിറ്റോറിയം നവീകരണത്തിനായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ധനസഹായം മെയ് 2018 ൽ ആണ് ലഭ്യമായിട്ടുള്ളത്.

2). ഓഡിറ്റോറിയം നവീകരണത്തിന്റെ ഭരണാനുമതി ലഭ്യമായതിൽ 100 ലക്ഷം രൂപ സിവിൽ ആന്റ് അകൗസ്റ്റിക്ക് വർക്കുകൾക്കും 200 ലക്ഷം രൂപ ഇലക്ട്രിക്/ എയർക്കണ്ടീഷൻ/ ഓഡിയോ വീഡിയോ മുതലായവക്കുമാണ്.

3). ഓഡിറ്റോറിയം നവീകരണത്തിന്റെ ആദ്യ ഘട്ടമായി സിവിൽ വർക്ക് 59.20 ലക്ഷം രൂപ, അകൗസ്റ്റിക് വർക്ക് 40.80 ലക്ഷം രൂപയും ചേർത്ത് ആകെ 100 ലക്ഷം രൂപയുള്ള പ്രവർത്തികൾക്കായി Thrissur District Labour Contract Co-Operative Society (TDLCCS) എന്ന സ്ഥാപനവുമായി 07.03.2019 തീയതിയിൽ കരാർ ഒപ്പുവെച്ചു.

4). ഓഡിറ്റോറിയം നവീകരണത്തിന്റെ ഭാഗമായി അകൗസ്റ്റിക്/ഓഡിയോ/വീഡിയോ പ്രവർത്തികളുടെ സാങ്കേതികാനുമതിക്കായി. ഡോ. ബാലഗോപാലൻ, പ്രൊഫസർ (റിട്ട) IIT, പ്രൊഫ. വി.കെ.ലക്ഷ്മണൻ നായർ, പ്രൊഫസർ (റിട്ട), ഗവ.എൻജിനീയറിംഗ് കോളേജ്, തൃശ്ശൂർ, ശ്രീ. വി.വി.സുധാകരൻ, സൂപ്രണ്ടിംഗ് എൻജിനീയർ (റിട്ട), പൊതുമരാമത്ത് വകുപ്പ്, ഡോ. മനോജ്, അസോസിയേറ്റ്പ്രൊഫസർ, ഗവ.എൻജിനീയറിംഗ് കോളേജ്, തൃശ്ശൂർ, സുരേഷ് കെ. ദാമോദരൻ, അസോസിയേറ്റ് പ്രൊഫസർ, ഗവ.എൻജിനീയറിംഗ് കോളേജ്, തൃശ്ശൂർ എന്നിവർ ഉൾപ്പെട്ട വിദഗ്ധ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി.

5). അകൗസ്റ്റിക് പ്രവർത്തികളുടെയും മറ്റ് അനുബന്ധ പ്രവർത്തികളുടെയും നടത്തിപ്പിന് ഒറിജിനൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് കമ്മറ്റി വിലയിരുത്തുകയും അത്യാവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടി കമ്മിറ്റിയുടെ ശുപാർശകൾ ഉൾപ്പെടുത്തിക്കൊണ്ട് TDLCCS പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. ആയതുപ്രകാരം ഓഡിറ്റോറിയത്തിന്റെ നവീകരണത്തിനായിട്ടുള്ള എസ്റ്റിമേറ്റ് തുക 353.35 ലക്ഷം രൂപയായി അധികരിക്കുകയും ആയത് 17/12/2019 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശ പ്രകാരം പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കായി സർക്കാരിലേക്ക് സമർപ്പിച്ചു

6). 08.02.2021 ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) ന.326/2021/ത.സ്വ.ഭ.വ പ്രകാരം കില വാർഷിക പദ്ധതിയിൽ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 'Repairs and maintenance of existing auditorium' എന്ന പ്രവൃത്തിക്ക് അധികരിച്ച എസ്റ്റിമേറ്റ് തുകയായ 53.35 ലക്ഷം രൂപ അംഗീകരിച്ചുകൊണ്ടും പ്രസ്തുത തുക കിലയുടെ തനത് വരുമാനത്തിൽ നിന്നും കണ്ടെത്തേണ്ടതാണെന്നുമുള്ള നിബന്ധനയോടെ ഓഡിറ്റോറിയം നവീകരണത്തിന് ആകെ എസ്റ്റിമേറ്റ് തുക 353.35 രൂപയുള്ള പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

7). രണ്ടാംഘട്ടത്തിലെ സിവിൽ-അകൗസ്റ്റിക് വർക്കിനുള്ള 99,04,000 രൂപക്കുള്ള എസ്റ്റിമേറ്റിന് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും സാങ്കേതികാനുമതി ലഭിച്ചുപ്രകാരവും ഇലക്ട്രിക്കൽ, എയർകണ്ടീഷൻ, ഓഡിയോ, വീഡിയോ വർക്കുകൾക്കുള്ള 1,44,03,991 രൂപക്കുള്ള എസ്റ്റിമേറ്റിന് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് ഇലക്ട്രിക് & ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നും സാങ്കേതികാനുമതി ലഭിച്ചുപ്രകാരവും TDLCCS -യുമായി 2020 ആഗസ്റ്റ്, 2020 ഒക്ടോബർ മാസങ്ങളിലായി യഥാക്രമം കരാർ ഒപ്പുവെച്ചിരുന്നു.

8). കോവിഡ് മഹാമാരിമൂലം നിശ്ചിത കാലാവധിക്കുള്ളിൽ വർക്കുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല എന്നും കാലാവധി നീട്ടി നല്കുന്നതിനായി TDLCCS ആവശ്യപ്പെട്ടതിനാൽ കരാർ കാലാവധി പല ഘട്ടങ്ങളിലായി നീട്ടി നല്കിയിരുന്നു. അന്തിമ തീയ്യതിയായി 31.03.2022 വരെ നീട്ടി നല്കിയിരുന്നു. എന്നാൽ നിശ്ചിത തീയ്യതിക്കും വർക്ക് പൂർത്തീകരിക്കാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ TDLCCS യിൽ നിന്നുള്ള കത്ത് പ്രകാരം ഒന്നാംഘട്ടത്തിലുള്ള സിവിൽ വർക്കിനുള്ള എസ്റ്റിമേറ്റും രണ്ടാംഘട്ടത്തിലുള്ള സിവിൽ-അകൗസ്റ്റിക് വർക്കിനുള്ള എഗ്രിമെൻറും, ഇലക്ട്രിക്, എയർ കണ്ടീഷൻ,ഓഡിയോ വീഡിയോ വർക്കിനുള്ള എഗ്രിമെൻറും 31.07.2022 വരെ 50,000 രൂപ പിഴ ഈടാക്കിക്കൊണ്ട് നീട്ടി നല്കിയിരുന്നു. സമയം നീട്ടി നല്കിയിട്ടും പ്രവർത്തി പൂർത്തീകരിക്കാത്തതിനാൽ, TDLCCS 30.09.2022 വരെ കരാർ നീട്ടി നല്കുന്നതിനായി വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്

9). കരാർ പ്രവർത്തനങ്ങൾ എല്ലാം പൂർത്തീകരിച്ച് ഫൈനൽ ബില്ല് സമർപ്പിക്കണമെന്ന TDLCCS യുമായുള്ള കരാർ നിബന്ധന TDLCCS ക്ക് പാലിക്കാൻ സാധിച്ചിട്ടില്ലെന്നും നാളിത് വരെയായിട്ടും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ലെന്നും 27.07.2022 ന് കൂടിയ മോണിട്ടറിംഗ് കമ്മിറ്റി വിലയിരുത്തി. എന്നാൽ നവീകരണ പ്രവർത്തനങ്ങൾ ഭൂരിഭാഗവും അന്തിമ ഘട്ടത്തിലായതിനാൽ TDLCCS യുമായുള്ള കരാർ ദീർഘിപ്പിച്ച് നൽകി പ്രവർത്തി പൂർത്തീകരിക്കുന്നത് തന്നെയാവും ഉചിതമെന്നും Risk & Cost - ൽ കരാർ അവസാനിപ്പിക്കുന്ന പക്ഷം നിയമനടപടികളിൽപ്പെട്ട് ഓഡിറ്റോറിയം നിർമ്മാണം അനന്തമായി നീളാമെന്നും ആയതിനാൽ കരാർ കാലാവധി ഒരു മാസം കൂടി നീട്ടി നല്കുന്നതിനും കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

നിലവിലുള്ള കരാർ പ്രകാരമുള്ള പ്രവർത്തികൾ TDLCCS സമയബന്ധിതമായി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ, നിലവിലുള്ള കരാറുകളിൽ ഉൾപ്പെടാത്ത പ്രൊജക്ടർ/ടി.വി സ്ക്രീൻ സ്പീക്കറുകൾ മുതലായവ സ്ഥാപിക്കുന്ന പ്രവർത്തിക്കായി TDLCCS യുമായി വീണ്ടും കരാറിൽ ഏർപ്പെടുന്നതും അഡ്വാൻസ് തുക നൽകുന്നതും സുരക്ഷിതമായിരിക്കില്ല എന്നതിനാൽ ടി പ്രവർത്തികൾ ഉടനടി പൂർത്തീകരിച്ച് ഓഡിറ്റോറിയം ഉപയോഗപ്രദമാക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് സാങ്കേതിക സമിതി 29/07/2022 തീയതിയിൽ ചേരുകയും വിശദമായി ചർച്ച ചെയ്യുകയുണ്ടായി. നിലവിലുള്ള കരാറിൽ ഉൾപ്പെടാത്തതും ഇനിയും പൂർത്തീകരിക്കേണ്ടതുമായ പ്രവർത്തികളുടെ നിർവ്വഹണത്തിനായി PWD Electronics വിഭാഗത്തിന്റെ സേവനം അഭ്യർത്ഥിക്കുന്നതിനും അവിടെ നിന്നും തയ്യാറാക്കി ലഭിക്കുന്ന എസ്റ്റിമേറ്റിന്റെയും സാങ്കേതികാനുമതിയുടെയും അടിസ്ഥാനത്തിൽ നിർവ്വഹണം പൂർത്തീകരിക്കുന്നതിനുമുള്ള നിർദ്ദേശം സാങ്കേതിക സമിതി സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സാങ്കേതിക സമിതിയുടെ നിർദ്ദേശ പ്രകാരം കില ഓഡിറ്റോറിയം നവീകരണ പദ്ധതിയിലെ കരാറിലുൾപ്പെടാത്തതും പൂർത്തീകരിക്കേണ്ടതുമായ പ്രവർത്തികളുടെ നിർവ്വഹണത്തിനായി PWD Electronics വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച തീരുമാനത്തിനായി കില എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം:**

കില ഓഡിറ്റോറിയം നവീകരണം സംബന്ധിച്ച നാളിതുവരെ സ്വീകരിച്ച പ്രവർത്തികൾ എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു. കരാറിൽ ഉൾപ്പെടാത്ത പ്രവർത്തികൾ PWD Electronics വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. തുടർ നടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ -05

**കിലയുടെ അഗളി ക്യാമ്പസ്സിൽ ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് നൽകിയ കെട്ടിടങ്ങൾ – സംബന്ധിച്ച്**

ബഹു.തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം കിലയുടെ അഗളി ക്യാമ്പസ്സിൽ ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടവും അനുബന്ധ സൗകര്യവും താൽക്കാലികമായി വിട്ടുനൽകുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഇക്കാര്യം 05/02/2022 തീയതിയിൽ ചേർന്ന കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരുന്നു. കില നടത്തി വരുന്ന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങളും സ്വാതന്ത്ര്യവും നിലനിർത്തിക്കൊണ്ട് കിലയുടെ അഗളി ക്യാമ്പസ്സിൽ ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടവും അനുബന്ധ സൗകര്യവും താൽക്കാലികമായി വിട്ടു നൽകുന്നതിന് കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർനടപടി കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.
എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം കില അഗളി ക്യാമ്പസിൽ ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നതിനാവശ്യമായ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും താൽക്കാലികമായി നൽകുകയും 20/06/2022 തീയതിയിൽ, ബഹു.പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി ശ്രീ.കെ.രാധാകൃഷ്ണൻ ഉദ്ഘാടനം നിർവ്വഹിച്ച് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. താൽക്കാലികമായി വിട്ട് നൽകിയ കെട്ടിടങ്ങളുടെ പട്ടിക ഉള്ളടക്കം ചെയ്തിട്ടുണ്ട് **(അനുബന്ധം– 3).**

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചതനുസിച്ച് ഉടമ്പടി വെയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. പ്രസ്തുത ഉടമ്പടിയിലെ പത്തൊമ്പതാമത് ഖണ്ഡികയിൽ സ്കൂൾ നടത്തിപ്പ് ആവശ്യങ്ങൾക്കായി താൽകാലികമായി വിട്ട് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വാടക നിരക്ക് കില എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരമായിരിക്കുമെന്ന് പരാമർശിക്കുന്നുണ്ട്. താൽക്കാലികമായി വിട്ട് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 12904 sq.ft ആണ്. Square feet ന് പത്ത് രൂപ നിരക്കിൽ മാസ വാടക നിശ്ചയിക്കുന്നത് (പ്രതിമാസം 1,29,040 രൂപ) പരിഗണിക്കാവുന്നതാണ്.

**കിലയുടെ അഗളി ക്യാമ്പസ്സിൽ ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ നടത്തിപ്പ് ആവശ്യങ്ങൾക്കായി താൽകാലികമായി വിട്ട് നൽകിയിട്ടുള്ള കെട്ടിടങ്ങൾക്ക് വാടക നിശ്ചയിക്കുന്നത് സംബന്ധിച്ച തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം:**

**കിലയുടെ അഗളി ക്യാമ്പസ്സിൽ ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ നടത്തിപ്പ് ആവശ്യങ്ങൾക്കായി താൽകാലികമായി വിട്ട് നൽകിയിട്ടുള്ള കെട്ടിടങ്ങൾക്ക് വാടകയായി Square feet ന് പത്ത് രൂപ നിരക്കിൽ പ്രതിമാസം 1,29,040 രൂപ എന്നത് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. എന്നാൽ പ്രസ്തുത സ്കൂളുകൾ പ്രധാനമായും ആദിവാസി വിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി കൊണ്ടുള്ളതിനാൽ ആവശ്യമെങ്കിൽ ട്രൈബൽ വകുപ്പുമായി ചർച്ച ചെയ്ത് ടി വകുപ്പിന്റെ ധനപരമായ പരിമിതികൾ പരിഗണിച്ചുകൊണ്ട് ഒരു ലക്ഷം രൂപയിൽ കുറയാതെയുള്ള തുക നിശ്ചയിച്ച് കരാറിൽ ഏർപ്പെടുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു.**

ഐറ്റം നമ്പർ -06

**കിലയിൽ കരാർ ഏറ്റെടുത്തു നടത്തുന്ന ഏജൻസികളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്നവരുടെ EPF ആനുകൂല്യം - കുടിശ്ശിക തുക അടച്ചത് തിരിച്ചുപിടിക്കുന്നത്- സംബന്ധിച്ച്**

എംപ്ലോയീ പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ (EPFO) പരിശോധനാ വിഭാഗം 27/10/2016 തീയതിയിൽ കിലയിൽ പരിശോധന നടത്തുകയും ആയതിൽ കിലയിൽ കോൺട്രാക്ട് ഏറ്റെടുത്ത് പ്രവർത്തിച്ച വരുന്ന ഏജൻസികളുടെ കീഴിൽ സേവനം അനുഷ്ഠിക്കുന്നവർക്ക് EPF ആനുകൂല്യം ബാധകമാക്കിയിട്ടില്ല എന്ന് കണ്ടെത്തുകയും ആയതിന്റെ വിശദാംശം പ്രസ്തുത ഏജൻസികളിൽ നിന്ന് നേരിട്ട് ശേഖരിക്കുകയും ചെയ്തു. തുടർന്ന് കോൺട്രാക്ട് വ്യവസ്ഥയിൽ വിവിധ ഏജൻസികളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്നവർക്ക് EPF ആനുകൂല്യം ബാധകമാക്കാത്തതിന്റെ ബാധ്യതയുടെ ആകെ തുകയായ 19,92,957 രൂപ Principal Employer എന്ന നിലയിൽ കില അടക്കണം എന്ന് നിർദ്ദേശത്തോടുകൂടിയ നോട്ടീസ് ലഭിക്കുകയുണ്ടായി. ആയതിൽ കിലയിലെ കാന്റീൻ, കോൺട്രാക്ട് വ്യവസ്ഥയിൽ ഏറ്റെടുത്ത് നടത്തുന്ന വിജയശ്രീ കുടുംബശ്രീ യൂണിറ്റിലെ അംഗങ്ങൾക്ക് ഇ.പി.എഫ് ആനുകൂല്യം ബാധകമാക്കാത്തതിനാൽ സെപ്റ്റംബർ 2014 മുതൽ നവംബർ 2016 വരെയുള്ള കാലഘട്ടത്തിലെ തൊഴിലുടമയുടേയും തൊഴിലാളിയുടെയും വിഹിതത്തിന്റെ ആകെ തുകയായി 12,19,025 രൂപയും കിലയിലെ സെക്യൂരിറ്റി കോൺട്രാക്ട് കരാർ വ്യവസ്ഥയിൽ ഏറ്റെടുത്തുവരുന്ന All Kerala Ex-servicemen and Security Force Charitable Trust, Guruvayur എന്ന സ്ഥാപനത്തിന്റെ കീഴിൽ സേവനമനുഷ്ഠിച്ച് വന്ന ജീവനക്കാർക്ക് ഇ.പി.എഫ് ആനുകൂല്യം ബാധകമാക്കാത്തതിനാൽ സെപ്റ്റംബർ 2014 മുതൽ നവംബർ 2016 വരെയുള്ള കാലഘട്ടത്തിലെ തൊഴിലുടമയുടേയും തൊഴിലാളിയുടെയും വിഹിതത്തിന്റെ ആകെ തുകയായി 7,73,932 രൂപയുമാണ് കുടിശ്ശിക തുകയായി അടക്കേണ്ടത്.

കോൺട്രാക്ട് വ്യവസ്ഥയിൽ വിവിധ ഏജൻസികളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്നവർക്ക് EPF ആനുകൂല്യം ബാധകമാക്കാത്തതിന്റെ ബാധ്യതയുടെ ആകെ തുകയായ 19,92,957 രൂപ Principal Employer എന്ന നിലയിൽ കില അടക്കണം എന്ന തീരുമാനത്തിനെതിരെ ബഹു. Central Government Industrial Tribunal-Cum-Labour Court, Ernakulam മുമ്പാകെ അപ്പീൽ നം 136/2018 പ്രകാരം കേസ് ഫയൽ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 13.06.2019 ൽ നടന്ന ഹിയറിംഗിൽ EPF ബാധ്യത തുകയുടെ 30% തുകയായ 5,97,887 രൂപ ഡിമാന്റ് ഡ്രാഫ്റ്റായി (DD No. 456161 dt.03.07.2019) കൊച്ചിയിലുള്ള റീജിണൽ പ്രൊവിഡണ്ട് കമ്മീഷണറുടെ കാര്യാലയത്തിൽ അടക്കുകയും ചെയ്തു. 08/02/2021 തീയതിയിലെ വിധി പ്രകാരം ഇ.പി.എഫ് ബാധ്യത തുക പൂർണ്ണമായും അടക്കുവാനുള്ള നിർദ്ദേശത്തോടുകൂടി പ്രസ്തുത അപ്പീലിന് തീർപ്പ് കൽപ്പിച്ചു. 03/01/2020 തീയതിയിലെ റിക്കവറി നോട്ടീസ് നം KR/KCH/15911/Recovery Cell/2021-22 പ്രകാരം ആകെ 19,92,957 തുകയിൽ നിന്നും അപ്പീൽ അപേക്ഷയോടൊപ്പം കെട്ടിവെച്ച തുകയായ 5,97,887 രൂപ കിഴിച്ച് റിക്കവറി ചെലവായ 100 രൂപ ഉൾപ്പെടെ ബാക്കി തുകയായ 13,95,170/-രൂപ (DD No. 456820 തീയതി 12/01/2022) അടവാക്കിയിട്ടുള്ളതാണ്. കില അടച്ച തുക പൂർണ്ണമായും കിലയിലേക്ക് ലഭ്യമാക്കുന്നതിലേക്കായി അതാത് ഏജൻസികൾക്ക് കില ഡയറക്ടർ ജനറൽ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. മേൽ നടപടികൾ 05/02/2022 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ ഐറ്റം നം 17 പ്രകാരം സമർപ്പിച്ച് അംഗീകാരം ലഭ്യമായിട്ടുള്ളതാണ്.

കില ഡയറക്ടർ ജനറലിന്റെ നിർദ്ദേശത്തെത്തുടർന്ന് 29/04/2022 തീയതിയിൽ കരാറുകാരായ വിജയശ്രീ കുടുംബശ്രീ കാന്റീൻ യൂണിറ്റ് തങ്ങളുടെ തുടർന്നുള്ള ബില്ലുകളിൽ നിന്നും 20% തവണകളായി ഈടാക്കാൻ അപേക്ഷ സമർപ്പിച്ചെങ്കിലും പിന്നീട് 02/06/2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ പ്രകാരം 20% തുക റിക്കവറി സംബന്ധിച്ച് കോടതി വിധി പ്രകാരം തുക അടവാക്കുന്നതിന് 8 പേർ മാത്രമാണ് നിലവിൽ യൂണിറ്റിലുള്ളു എന്നതിനാലും മറ്റ് യൂണിറ്റ് അംഗങ്ങൾ ഇപ്പോൾ ടി യൂണിറ്റിൽ പ്രവർത്തിച്ചുവരുന്നില്ല എന്നതിനാലും കില അടച്ച തുക മുഴുവൻ നിലവിലെ കാന്റീൻ യൂണിറ്റിൽ നിന്ന് ഈടാക്കാതെ യൂണിറ്റ് അംഗങ്ങളുടെ ഇ.പി.എഫ് തുക അതാത് അംഗങ്ങളുടെ അക്കൌണ്ടുകളിലേക്ക് തുക ലഭിക്കുന്ന മുറക്ക് ആയത് അതാത് യൂണിറ്റ് അംഗങ്ങളിൽ നിന്നും നേരിട്ട് ഈടാക്കി വലിയ സമ്പത്തിക ബാധ്യതയിൽ നിന്നും വിജയശ്രീ കുടുംബശ്രീ യൂണിറ്റിനെ ഒഴിവാക്കണമെന്നും അപേക്ഷിച്ചിരിക്കുകയാണ്.

All Kerala Ex-servicemen and Security Force Charitable Trust, Guruvayur 05/02/2022 ന് നൽകിയ കത്തിന് 30/06/2022 തീയതിയിൽ നൽകിയ മറുപടി പ്രകാരം ടി സ്ഥാപനം ചാരിറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതിനാൽ കിട്ടുന്ന മുഴുവൻ ശമ്പളവും തൊഴിലാളികൾക്ക് നൽകി വരികയാണെന്നും പ്രസ്തുത തീരുമാനം നിയമപരമായും ഓഡിറ്റ് പരമായും പല ബുദ്ധിമുട്ടുകളും ഉണ്ടാകും എന്നും ആയതിനാൽ ട്രസ്റ്റിന് ഒരു യോഗം വിളിച്ച് തീരുമാനം എടുക്കുന്നതിന് ഒരു മാസത്തെ സമയം ആവശ്യപെട്ടിരിക്കുകയാണ്. അതോടൊപ്പം ആ കാലയളവിൽ തൊഴിലാളികളുടെ പേരിൽ EPF കില അടച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ നൽകണമെന്നും അപേക്ഷിച്ചിരിക്കുകയാണ്.

ഇ.പി.എഫ് നിയമം സെക്ഷൻ 6 പ്രകാരം തൊഴിലുടമ നേരിട്ടോ കരാറുകാരൻ മുഖേനയോ നിയോഗിക്കുന്ന ഓരോ ജീവനക്കാരന്റേയും ഇ.പി.എഫ് വിഹിതം തൊഴിലുടമ അടയ്ക്കേണ്ടതാണ്. എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് സ്കീമിന്റെ ഖണ്ഡിക 30(2) പ്രകാരം, ഒരു കരാറുകാരൻ മുഖേന ജോലി ചെയ്യുന്ന ജീവനക്കാരുടെ കുടിശ്ശിക, അത്തരം ജീവനക്കാരൻ അടയ്ക്കേണ്ട വിഹിതം വീണ്ടെടുത്ത് അത് കരാറുകാരന്റെ സംഭാവനയുടെ (Employer Share) പങ്ക് ഉൾപ്പടെ കരാറുകാരൻ മുഖ്യ തൊഴിൽ ദാതാവിന് ഒടുക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. ഇപിഎഫ് നിയമത്തിലെ സെക്ഷൻ 8-എ പ്രകാരം ഒരു കരാറുകാരൻ മുഖേന ജോലി ചെയ്യുന്ന ഒരു ജീവനക്കാരന്റെ കാര്യത്തിൽ ഒരു തൊഴിലുടമ (Contractor) അടയ്ക്കേണ്ട തുക, മുഖ്യ തൊഴിൽ ദാതാവിന് കരാറ്കാരൻ നൽകേണ്ട തുകയിൽ നിന്ന് കിഴിവ് വഴിയോ അല്ലെങ്കിൽ കരാറുകാരൻ അടയ്ക്കേണ്ട കടമായിട്ടോ വീണ്ടെടുക്കാവുന്നതാണ്. ഒരു കരാറുകാരൻ മുഖേന ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ ഇപിഎഫ് കുടിശ്ശിക അടയ്ക്കുന്നത് ഉറപ്പാക്കേണ്ടത് മുഖ്യ തൊഴിൽ ദാതാവിന്റെ ബാധ്യതയാണ്

**ഈ സാഹര്യത്തിൽ വിജയ ശ്രീ കുടുംബശ്രീ കാന്റീൻ യൂണിറ്റിന്റെ 02/06/2022 തീയതിയിലെ അപേക്ഷയും All Kerala Ex-servicemen and Security Force Charitable Trust, Guruvayur 30/06/2022 തീയതിയിലെ അപേക്ഷയും കില അടച്ച EPF ബാധ്യത തുക അതാത് ഏജൻസികളിൽ നിന്നും തിരിച്ച് പിടിക്കുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ തുടർ നിർദ്ദേശത്തിനും തീരുമാനത്തിനുമായി സമർപ്പിക്കുന്നു.**

**തീരുമാനം:**

ബഹു. Central Government Industrial Tribunal-Cum-Labour Court, Ernakulam - ന്റെ വിധിയുടെ അടിസ്ഥാനത്തിൽ കില അടച്ച EPF ബാധ്യത തുക സംബന്ധിച്ചും വിജയ ശ്രീ കുടുംബശ്രീ കാന്റിൻ യൂണിറ്റ്, All Kerala Ex-servicemen and Security Force Charitable Trust, Guruvayur - എന്നിവരുടെ അപേക്ഷകൾ സംബന്ധിച്ചും എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു. സെപ്റ്റംബർ 2014 മുതൽ നവംബർ 2016 വരെയുള്ള കാലഘട്ടത്തിൽ ഈ ഏജൻസികളിൽ സേവനം അനുഷ്ഠിച്ചിരുന്നവരും നിലവിൽ തുടർന്ന് വരുന്നവരുമായ വ്യക്തികളിൽ നിന്നും ആനുപാതികമായി കുടിശ്ശിക തുക 12 ഗഡുക്കളായി ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. അതോടൊപ്പം സെപ്റ്റംബർ 2014 മുതൽ നവംബർ 2016 വരെയുള്ള കാലഘട്ടത്തിൽ സേവനം അനുഷ്ഠിച്ചിരുന്നവരും എന്നാൽ നിലവിൽ ഈ ഏജൻസിയിൽ സേവനത്തിലില്ലാത്തവരുമായ വ്യക്തികളിൽ നിന്നും ആനുപാതികമായി കുടിശ്ശിക തുക ഈടാക്കുന്നതിന് പരിശ്രമം തുടരുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി

ഐറ്റം നമ്പർ -07

**ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകണമെന്ന അക്കൗണ്ടന്റ് ശ്രീ.ഷിജി.കെ.എൽ-ന്റെ അപേക്ഷ സംബന്ധിച്ച്**

കില സിഎച്ച്ആർഡിയിൽ അക്കൗണ്ടന്റ് കം കാഷ്യർ തസ്തികയിൽ 16.9.2020 മുതൽ സ്ഥിരനിയമനം നേടി ജോലി ചെയ്തു വരുന്ന ശ്രീ.ഷിജി .കെ .എൽ കിലയിലെ നിലവിൽ ഒഴിവുള്ള ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ നല്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

കൊട്ടാരക്കര കില സി.എച്ച്.ആർ.ഡി-യിലെ അംഗീകൃത തസ്തികകളാണ് അക്കൗണ്ടന്റ് കം കാഷ്യർ (25200-54000) ഫിനാൻഷ്യൽ അസിസ്റ്റന്റ് (27800-59400) എന്നിവ. പ്രസ്തുത തസ്തികകളുടെ അടിസ്ഥാനയോഗ്യത ചുവടെ ചേർക്കുന്നു.

| അക്കൗണ്ടന്റ് കം കാഷ്യർ( 25200-54000) | ഫിനാൻഷ്യൽ അസിസ്റ്റന്റ് (27800-59400) |
|---|---|
| **Qualifications:**<br>1) Graduation in Commerce and proficiency in Accounting software/Tally etc.<br><br>2) Computer literary – Word processing Spread sheet, presentation Inter net, email etc. | **Qualifications:**<br>1. Masters degree in Commerce / Pass in intermediate of CA/CMA<br>2. Computer proficiency in Tally Software<br>3. Three year experience in Commercial Accounting in a reputed institution/ Firm. |

കില സി.എച്ച്.ആർ.ഡിയിൽ (മുൻ എസ്.ഐ.ആർ.ഡി) നിലവിലുണ്ടായിരുന്ന അംഗീകൃത തസ്തികയായിരുന്ന ഫിനാൻസ് മാനേജർ തസ്തിക 17.8.2013 തീയതിയിലെ ഉത്തരവ് (GO(Rt) No.2108/2013/LSGD) പ്രകാരം പുനർനാമകരണം ചെയ്ത് ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയാക്കിയിട്ടുള്ളതാണ്. ടി തസ്തികകളിൽ ഡെപ്യൂട്ടേഷൻ/കോൺട്രാക്ട് വ്യവസ്ഥയിലുള്ള നിയമനങ്ങളാണ് നടത്തിയിരുന്നത്

കിലയിൽ നിലവിൽ ഒഴിവുള്ള തസ്തികകളിലെല്ലാം സ്ഥിരനിയമനം നടത്തുന്നതിനുള്ള 27/08/2019 തീയതിയിലെ കില ഗവേണിംഗ് കൗൺസിൽ തീരുമാന പ്രകാരം സ്ഥിരനിയമനത്തിന് നടപടികൾ ആരംഭിക്കുകയും, ആദ്യഘട്ടത്തിൽ അസിസ്റ്റന്റ്, അക്കൗണ്ടന്റ് കം കാഷ്യർ തസ്തികയിലേക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സമാന തസ്തികയിൽ ജോലി ചെയ്തിരുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തുകയും ചെയ്തു. അക്കൗണ്ടന്റ് കം കാഷ്യർ തസ്തികയ്ക്കായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്കുകാരനായ ശ്രീ. ഷിജി.കെ.എൽ-നെ 16/09/2020 ന് നിയമിക്കുകയും ചെയ്തു.

നിലവിൽ ഒഴിവുള്ള Lecturer-Information Technology, Internal Auditor, Financial Assistant, Driver-cum- Attendant എന്നീ തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിച്ച് നടപടിക്രമങ്ങൾ പാലിച്ച് നിയമനം നടത്തുവാൻ 5.2.2022 ലെ കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുകയും. തുടർ നടപടി കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികളുടെ ഭാഗമായി Lecturer-Information Technology,

Internal Auditor, Financial Assistant എന്നീ തസ്തികകളിലേക്ക് സ്ഥിരനിയമനത്തിനായി നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. എന്നാൽ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട WP(c) No.1981/2022 നമ്പർ കേസിലെ വിധിയിലെ നിർദ്ദേശാനുസരണമുള്ള നടപടികൾ പൂർത്തീകരിച്ച് സംയോജിത കിലയുടെ HR പോളിസിക്ക് സർക്കാർ അംഗീകാരം ലഭിക്കുന്നതിന് മുമ്പ് നിയമന നടപടികൾ സ്വീകരിച്ച് മുന്നോട്ട് പോകുന്നത് വീണ്ടും കോടതി വ്യവഹാരത്തിന് വഴിവെച്ചേക്കും എന്നതിനാൽ നിയമന നടപടികൾ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

കിലയുടെ HR പോളിസി പ്രൊപ്പോസലിൽ അക്കൌണ്ടന്റ് കം കാഷ്യർ തസ്തികയുടെ പ്രൊമോഷൻ തസ്തികയായി സൂചിപ്പിച്ചിട്ടുള്ളത് ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തിക മാത്രമാണ്. ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ സ്ഥിരനിയമനം നടത്തുന്നത് ടിയാന്റെ അവസരം നിഷേധിക്കലാണെന്നും ആയതിനാൽ ടിയാന് പ്രസ്തുത തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ച് ശ്രീ.ഷിജി.കെ.എൽ, അക്കൌണ്ടന്റ് കം കാഷ്യർ അപേക്ഷ സമർപ്പിച്ചിരിക്കുകയാണ് **(അനുബന്ധം-04)**

ശ്രീ.ഷിജി.കെ.എൽ – ന് M.Com, MBA (Finance & HRA) എന്നീ വിദ്യാഭ്യാസ യോഗ്യതകൾ ഉണ്ട്. ടിയാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷ മുഖേന കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിക്കുകയും ടി സ്ഥാപനത്തിലെ രണ്ടര വർഷക്കാലത്തെ സേവനത്തിന് ശേഷം ടി സ്ഥാപനത്തിൽ നിന്ന് വിടുതൽ വാങ്ങിയാണ് 16/09/2020 തീയതിയിൽ കിലയിൽ അക്കൗണ്ടന്റ് കം കാഷ്യർ തസ്തികയിൽ നിയമിതനായിട്ടുള്ളത്.

കിലയുടെ HR പോളിസി പ്രൊപ്പോസൽ പ്രകാരം ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ നിയമനരീതി Open selection or Promotion from the existing post of Accountant cum Cashier എന്നതാണ്. പ്രസ്തുത തസ്തികയിൽ Direct Recruitment നടത്തുന്നത് ശ്രീ.ഷിജിയുടെ പ്രൊമോഷനുള്ള അവസരം ഇല്ലാതാക്കുന്നതും സർവ്വീസ് കാലയളവിൽ തസ്തിക സംബന്ധിച്ച് മറ്റു നേട്ടങ്ങൾ ഇല്ലാതാവുകയും ചെയ്യുന്ന അവസ്ഥ സംജാതമാകുന്നതാണ് എന്നതിനാൽ HR policy സർക്കാർ തലത്തിൽ അംഗീകരിച്ച് ഉത്തരവാകുന്ന മുറയ്ക്ക് മാനദണ്ഡ പ്രകാരം ശ്രീ. ഷിജിയുടെ അപേക്ഷ പരിഗണിച്ച് പ്രൊമോഷൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമന നടപടി നിർത്തി വെക്കുന്നതിനുള്ള തീരുമാനത്തിനും കില ഗവേണിംഗ് കൗൺസിൽ അംഗീകാരത്തോടെ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള HR policyക്ക് അംഗീകാരം ലഭ്യമാകുന്ന മുറക്ക് ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ നല്കുന്നതിലേക്കായി ശ്രീ.ഷിജി.കെ.എൽ – സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിനായും എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം:**

1. **ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമന നടപടികൾ റദ്ദ് ചെയ്യുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. .തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി**

2. കില HR പോളിസിക്ക് വിധേയമായി ശ്രീ.ഷിജി.കെ.എൽ - സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചുതുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി

ഐറ്റം നമ്പർ : 08

**ശ്രീ സാജൻ പീറ്റർ, ലൈബ്രറി അറ്റന്റന്റ് കില – ബഹു കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 23599/2022 കേസ് വിധി– തുടർ നടപടികൾ സംബന്ധിച്ച്**

കിലയിലെ ലൈബ്രറി അറ്റന്റന്റ് ആയ ശ്രീ സാജൻ പീറ്റർ ടി 12.07.2021 തീയതിയിൽ ലൈബ്രറിയിൽ ഹാജരായി ജോലി ചെയ്യാതിരിക്കുകയും, ജോലി ചെയ്യാൻ തയ്യാറല്ല എന്ന് ലൈബ്രേറിയന്റെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് ലൈബ്രറിയനോട് പറയുകയും, 19.07.2021 തീയതിയിൽ അനുവദിച്ച സീറ്റിൽ ഇരുന്ന് ജോലി ചെയ്യാൻ വിസമ്മതിക്കുകയും ആയതിന് തയ്യാറല്ല എന്ന് അസിസ്റ്റന്റ് ലൈബ്രേറിയനോട് പറയുകയും, 20.07.2021 തീയതിയിൽ അനധികൃതമായി ജോലിയിൽ ഹാജരാവാതെയിരിക്കുകയും, 22.07.2021 തീയതിയിൽ വനിതയായ അസിസ്റ്റന്റ് ലൈബ്രേറിയനേട് അപമര്യാദയായായും ധിക്കാരപരമായും സംസാരിക്കുകയും ചെയ്തു എന്നീ പ്രവർത്തികളുടെ പേരിൽ കൃത്യ വിലോപം, അനധികൃത ഹാജരില്ലായ്മ, വനിതാ മേലുദ്യോഗസ്ഥയോടുള്ള അപമര്യാദയായും ധിക്കാരപൂർണ്ണമായുള്ള പെരുമാറ്റവും അവമതിപ്പും ആജ്ഞാ നിഷേധവും അച്ചടക്ക ലംഘനം എന്നീ കുറ്റങ്ങൾക്കുത്തരവാദിയാണെന്ന് കണ്ട് 1960 ലെ കേരള സിവിൽ സർവീസ് (തരംതിരിവും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുസരിച്ച് 28/07/2021 തീയതിയിൽ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

പ്രസ്തുത കുറ്റാരോപണ മെമ്മോയിലെ ആരോപണങ്ങൾ സംബന്ധിച്ചും ശ്രീ സാജൻ പീറ്റർ 16/08/2021 തീയതിയിൽ സമർപ്പിച്ച എതിർ വാദ പത്രികയിൻമേലും ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട്സമർപ്പിക്കുന്നതിനായി 31/08/2021 തീയതിയിൽ കില ഡെപ്യൂട്ടി ഡയറക്ടറെ ചുമതല പെടുത്തി ഉത്തരവാകുകയും 12/10/2021 തീയതിയിൽ ഡെപ്യൂട്ടി ഡയറക്ടർ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. റിപ്പോർട്ട് പ്രകാരം കുറ്റാരോപണ പത്രികയിലെ നാല് ആരോപണങ്ങളും വസ്തുതാപരമാണെന്ന് കണ്ടെത്തുകയും ഉചിതമായ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ശുപാർശ നൽകുകയും ചെയ്തിരുന്നു.

ശ്രീ സാജൻ പീറ്ററുടെ ഭാഗത്ത് നിന്നുമുണ്ടായ പെരുമാറ്റവും നടപടികളും കൃത്യവിലോപവും അനധികൃത ഹാജരില്ലായ്മയും വനിതാ മേലുദ്യോഗസ്ഥയോടുള്ള അപമര്യാദയായും ധിക്കാര പൂർണ്ണമായുള്ള പെരുമാറ്റവും അവമതിപ്പും ആജ്ഞാ നിഷേധവും അച്ചടക്ക ലംഘനവും ആണെന്നും ഈ പെരുമാറ്റവും നടപടികളും ടിയാന്റെ ഭാഗത്ത് നിന്നും ബോധപൂർവം സംഭവിച്ചതാണെന്നും ബോധ്യപെട്ടതിനാൽ ടിയാന്റെ ശമ്പളത്തിൽ നിന്നും രണ്ട് വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടയുന്നതിനുള്ള ശിക്ഷ നിശ്ചയിച്ച് കൊണ്ട് താൽക്കാലികമായി തീരുമാനിക്കുകയും, മേൽ താത്ക്കാലിക തീരുമാനം സ്ഥിരപെടുത്താതിരിക്കുന്നതിന് തക്ക കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് രേഖാമൂലം ബോധിപ്പിക്കുവാൻ 05/11/2021 തീയതിയിൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്യുകയുണ്ടായി. ആയതിനു 08/11/2021 തീയതിയിൽ വിശദീകരണം നൽകുകയും ചെയ്തു. ടിയാൻ സമർപ്പിച്ച വിശദീകരണം വിശദമായി പരിശോധിക്കുകയും പരിഗണിക്കുകയും ചെയ്തു.

അന്വേഷണ റിപ്പോർട്ടിൽ സാജൻ പീറ്റർ കുറ്റാരോപണ പത്രികയിലെ സംഭവങ്ങൾക്ക് ശേഷവും ഇപ്പോഴും ലൈബ്രറിയുടെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് ലൈബ്രേറിയന്റെ നിർദേശങ്ങൾ അനുസരിച്ച് തന്റെ ചുമതലകൾ നിർവഹിക്കുന്നതിന് തയ്യാറാവുന്നില്ല

എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല ടിയാൻ ഒരു ലൈബ്രറിയുടെ അന്തരീക്ഷത്തിന് ചേരാത്ത വിധം റീഡിങ് റൂമിന് സമീപത്തുള്ള സീറ്റിലിരുന്ന് ഫോണിൽ സംഭാഷണങ്ങൾ നടത്തുന്നതു മൂലം ബുദ്ധിമുട്ടാണ് സൃഷ്ടിക്കുന്നതെന്നും ലൈബ്രറിയുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത് പരിഗണിക്കാവുന്നതാണ് എന്ന് ശുപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകൾ പരിഗണിക്കുമ്പോൾ ശ്രീ സാജൻ പീറ്ററിന്റെ സമീപനത്തിൽ മാറ്റമൊന്നും ഉണ്ടായിട്ടില്ല എന്നും ആയതിനാൽ തന്നെ അനുഭാവപൂർണമായ പരിഗണന അർഹിക്കുന്നില്ല എന്നും ബോധ്യമായതിനാൽ ടിയാന് നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ രണ്ടു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടുകൂടി തടഞ്ഞുകൊണ്ട് താൽക്കാലികമായി നിശ്ചയിച്ചിരുന്ന ശിക്ഷ സ്ഥിരപ്പെടുത്തി കൊണ്ട് അച്ചടക്കനടപടി തീർപ്പാക്കി തീരുമാനം കൈകൊണ്ട് 20/12/2021 തീയതിയിൽ ഉത്തരവ് നൽകിയിരുന്നു.

തുടർന്ന് ശിക്ഷ ഒഴിവാക്കണമെന്ന് അപേക്ഷിച്ച്കൊണ്ട് ശ്രീ സാജൻ പീറ്റർ സമർപ്പിച്ച അപ്പീൽ അപേക്ഷയിൻ മേൽ 11/03/2022 തീയതിയിലെ LSGD/IB2/30/2022-LSGD നമ്പർ കത്ത് പ്രകാരം സർക്കാർ കിലയോട് റിപ്പോർട്ട് ആവശ്യപെടുകയും കില 02/04/2022 തീയതിയിലെ 2022/862/HQ നമ്പർ കത്ത് പ്രകാരം വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

ശ്രീ സാജൻ പീറ്റർ തന്റെ രണ്ട് വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള എല്ലാ നടപടികളും സ്റ്റേ ചെയ്യണമെന്നും കില തനിക്കെതിരെ എടുത്ത അച്ചടക്ക നടപടി റദ്ദ് ചെയ്യണമെന്നും ആവശ്യപെട്ട് കൊണ്ട് എക്സിക്യൂട്ടീവ് കമ്മിറ്റിയെ പ്രതിനിധീകരിച്ച് ചെയർമാന് സമർപ്പിച്ച അപേക്ഷ (എക്സിബിറ്റ് പി 11) സമയ ബന്ധിതമായി തീർപ്പ് കൽപ്പിക്കണം എന്നീ ആവശ്യവുമായി ഫയൽ ചെയ്ത WP(C) NO. 23599/2022 കേസിൽ 22/07/2022 തീയതിയിൽ താഴെ പറയും പ്രകാരം വിധി പ്രസ്താപിച്ചിട്ടുണ്ട്

> *"There will be a direction to the 2nd respondent (The Executive Council, KILA represented by its Chairman, Additional Chief Secretary to Government, L.S.G.D. Department, Government Secretariat, Thiruvananthapuram, Pin - 695001) to take up Ext.P11 appeal submitted by the petitioner and to consider and pass orders on the same, with notice to the petitioner and after hearing him through any appropriate means, including video conferencing within a period of two months from the date of receipt of a copy of this judgment. Till such time, recovery of amounts pursuant to Ext.P10 shall be kept in abeyance. "*

ബഹു കേരള ഹൈക്കോടതിയുടെ 22/07/2022 തീയതിയിലെ വിധിയുടേയും എക്സിബിറ്റ് പി 10 (രണ്ട് വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടയുന്നതിനുള്ള 20/12/2021 തീയതിയിലെ കില ഡയറക്ടർ ജനറലിന്റെ ഉത്തരവ്) ഉം എക്സിബിറ്റ് പി 11 (എക്സിക്യൂട്ടീവ് കമ്മിറ്റിയെ പ്രതിനിധീകരിച്ച് ചെയർമാന് സമർപ്പിച്ച അപേക്ഷ) ഉം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു **(അനുബന്ധം -05)**

ബഹു.ഹൈക്കോടതി വിധിയുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സംബന്ധിച്ച നിർദ്ദേശത്തിനും തീരുമാനത്തിനുമായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.

**തീരുമാനം:**

ശ്രീ സാജൻ പീറ്ററുടെ നിവേദനവും കോടതി വിധിയും എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു. ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കില എക്സിക്യൂട്ടീവ് കമ്മറ്റിക്ക് വേണ്ടി ശ്രീ സാജൻ പീറ്ററെ നേരിൽ കേൾക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു. ടിയാനെ നേരിൽ കേട്ടതിന് ശേഷം ശുപാർശ സഹിതമുള്ള റിപ്പോർട്ട് കില എക്സിക്യൂട്ടീവ് കമ്മറ്റി ചെയർപേഴ്സൺ (അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്) മുമ്പാകെ സമർപ്പിക്കുന്നതിനും, കോടതി വിധിയിലെ സമയപരിധി കണക്കിലെടുത്ത് ഈ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും എക്സിക്യൂട്ടീവ് കമ്മറ്റി പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി.

ഐറ്റം നമ്പർ -09

**മുൻ അഹാഡ്സ് ജീവനക്കാർ ബഹു.ലേബർ കോർട്ട് കോഴിക്കോട് മുമ്പാകെ ഫയൽ ചെയ്ത CP 3/20 മുതൽ CP 17/20 വരെയുള്ള 15 കേസുകൾ വിധിന്യായം - അപ്പീൽ നടപടികൾ സംബന്ധിച്ച്**

മുൻ അഹാഡ്സിലെ 15 ജീവനക്കാർ പ്രൊജക്ട് ഡയറക്ടർ, അഹാഡ്സ് കക്ഷിയായി കോഴിക്കോട് ലേബർ കോടതി മുമ്പാകെ കേസുകൾ നൽകുകയും ആയതിൽ കില ഡയറക്ടറെയും പിന്നീട് ചീഫ് സെക്രട്ടറിയെയും കക്ഷി ചേർക്കുകയും ആയതിൽ 29/3/2022 ൽ തീർപ്പാക്കി ബഹു.ലേബർ കോടതി വിധി പുറപ്പെടുവിക്കുകയും ഉണ്ടായി. കോടതി കിലയോടും സർക്കാരിനോടും ഓരോ പെറ്റീഷണർമാർക്കും Rs.5,86,850/- വീതം (മൂന്ന് മാസത്തിനകം) നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അല്ലാത്ത പക്ഷം 6% പലിശ കൂടി നൽകേണ്ടതാണ്. കിലയ്ക്ക് വേണ്ടി കോഴിക്കോടുള്ള അഡ്വ.പി.എസ്.മുരളിയാണ് ഹാജരായിരുന്നത്. ഈ വിധിന്യായത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. **(അനുബന്ധം- 06)** കില സ്റ്റാന്റിംഗ് കൗൺസിലിന്റെ Legal Opinion പ്രകാരം ഈ ഉത്തരവിനെതിരെ അപ്പീൽ ആവശ്യമാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

16/03/2017-ലെ സ.ഉ.(സാധാ)57/17/LSGD ഉത്തരവ് പ്രകാരം ഉപാധികളില്ലാതെ അഹാഡ്സ് - CCPRM ഡിസോൾവ് ചെയ്താണ് കിലക്ക് ഏറ്റെടുത്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ പ്രസ്തുത ലേബർ കോർട്ട് വിധിക്കെതിരെ ബഹു.ഹൈക്കോടതിയിൽ സ്റ്റേ വാങ്ങുന്നതിനും തുടർന്ന് റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുന്നതിനും നടപടികൾ കില കൈക്കൊണ്ട് വരുന്നു.

**മേൽ വിഷയം എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കും സാധൂകരണത്തിനുമായി സമർപ്പിക്കുന്നു.**

**തീരുമാനം**

**മുൻ അഹാഡ്സ് ജീവനക്കാർ ബഹു.ലേബർ കോർട്ട് കോഴിക്കോട് മുമ്പാകെ ഫയൽ ചെയ്ത കേസുകളുടെ വിധിന്യായവുമായി ബന്ധപ്പെട്ട് കില കൈക്കൊണ്ട് വരുന്ന നടപടികൾ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി**

ഐറ്റം നമ്പർ -10

**കുമാരി രമ്യ ഹരിദാസ് ഫയൽ ചെയ്ത കേസ് WPC No-2097/2021 -വിധിന്യായം തുടർനടപടികൾ സംബന്ധിച്ച്**

കില സെന്റർ ഫോർ അർബൻ ഗവേണൻസിൽ പുതുതായി സൃഷ്ടിച്ച സീനിയർ അർബൻ ഫെല്ലോ, അർബൻ ഫെല്ലോ എന്നീ തസ്തികകൾക്ക് നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയിൽ പി.എച്ച്.ഡി അനിവാര്യ യോഗ്യതയായി ഉൾപ്പെടുത്തിയിട്ടില്ല എന്നും ആയത് കിലയുടെ സർവ്വീസ് ബൈലോയിൽ അസിസ്റ്റന്റ് പ്രൊഫസ്സർ, അസോസിയേറ്റ് പ്രൊഫസ്സർ എന്നീ തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതയിൽ നിന്ന് വിഭിന്നമാണ് എന്നും, മേൽ യോഗ്യതകൾ അംഗീകരിച്ച് കൊണ്ട് കിലയുടെ സർവ്വീസ് ബൈലോയിൽ ഭേദഗതി വരുത്തിയത് ഗവേണിംഗ് കൗൺസിൽ തീരുമാനത്തിനു പകരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുക വഴിയാണെന്നും മേൽ നടപടികൾ കിലയുടെ Memorandum of Association ലേയും സർവ്വീസ് ബൈലോയിലെയും നിബന്ധനകൾക്ക് വിരുദ്ധമായതിനാൽ ഈ തസ്തികകളിലേക്ക് നിയമത്തിനായി പുറപ്പെടുവിച്ച നോട്ടിഫിക്കേഷനുകളും തസ്തികയുടെ യോഗ്യത അംഗീകരിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവുകളും കിലയുടെ സർവ്വീസ് ബൈലോ ഭേദഗതി ചെയ്തു കൊണ്ടും പുറപ്പെടുവിച്ച സർക്കാർ ഉത്തരവും റദ്ദ് ചെയ്യണമെന്ന ആവശ്യവുമായി കില ഗവേണിംഗ് കൗൺസിൽ അംഗം കൂടിയായ കുമാരി രമ്യ ഹരിദാസ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തു ( WPC No-2097/2021 )

WPC No-2097/2021 നമ്പർ കേസിൽ കോടതി വിശദമായി വാദം കേൾക്കുകയും 30/06/2022 ൽ വിധി പുറപ്പെടുവിച്ചിട്ടുമുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. **(അനുബന്ധം- 07)** ആയതിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

Para 83. Perusal of Exhibit-R5(m) decision would also make it clear that the Governing Council has expressed satisfaction over the action taken on the decisions of the previous meeting; however, in G.O.(MS) No.115/2020/LSGD dated 31.07.2020, issued consequent to the creation of posts of Urban Chair Professor, Senior Urban Fellow and Urban Fellow, it was ordered that the bye-laws of KILA will stand amended incorporating these newly created posts and based on Government order, decided to amend the bye-laws of KILA, by incorporating these three permanent posts. In the said decision of the Governing Council, there is no reference at all to the decision taken by the academic council to dilute the essential qualification prescribed for the posts of Senior Urban Fellow and Urban Fellow.

84. Taking note of the above factual and legal circumstances, we have no hesitation to hold that the notifications invited for the posts of Senior Urban Fellow and Urban Fellow vide Exhibits-P12 and P13 notifications dated 21.12.2020, cannot be sustained under law. However, we find from the record of proceedings that the candidate appointed to the post of Senior Urban Fellow has Ph.D qualification. Even though several disputes are raised by the petitioner as regards the qualification of the present appointee, there is no material evidence before us to show that the said appointee suffers from any disqualification.

85. In that view of the matter, though the said notification is bad, for not prescribing the Ph.D qualification, we are not proposing to interfere with the appointment of the candidate, who is having Ph.D qualification. However, Exhibit-P13 notification dated 21.12.2020 issued by the

Director General of KILA, inviting application for the post of Urban Fellow only with the essential qualification of Post-Graduation in (Urban/Regional)/City Planning/Urban Policy/Urban Development or equivalent Social Sciences, apart from other qualifications, cannot be sustained under law, being arbitrary and illegal having deleted the essential qualification of Ph.D. Therefore, we quash the said notification.

86. However, this will not stand in the way of KILA taking adequate action for inviting application to the post of Urban Fellow with the qualifications prescribed as per the Recruitment Rules attached to Exhibit-P2 service bye- laws. We also make it clear that Exhibits-P6 and P10 Government orders dated 26.06.2020 and 31.07.2020, insofar as they direct to incorporate the amendment of deletion of Ph.D qualification of Senior Urban Fellow and Urban Fellow in KILA Rules, 1990, also cannot be sustained under law, being arbitrary and illegal, and therefore, they are quashed to that extent.

മേൽ വിധിന്യായം പ്രകാരം

(1) സീനിയർ അർബൻ ഫെല്ലോ തസ്തികയിലേക്ക് പി.എച്ച്.ഡി ബിരുദമുള്ള ഡോ.കെ.രാജേഷിനെ നിയമിച്ച നടപടി ബഹു.കോടതി അംഗീകരിക്കുകയും നിയമനത്തിൽ ഇടപെടേണ്ടതായ കാരണങ്ങളില്ല എന്നും വിധി പ്രസ്താവിച്ചിട്ടുണ്ട്.

(2) കിലയുടെ സർവ്വീസ് ബൈലോയിലെ യോഗ്യതകൾ ഭേദഗതി ചെയ്തത് സ്വീകരിച്ചിരിക്കുന്ന നടപടികളുടെ അപാകത പരിഗണിച്ച് ഈ തസ്തികകളിലേക്കുള്ള നിയമനത്തിനായി പ്രസിദ്ധപ്പെടുത്തിയ Exhibit No.P12 , P13 നോട്ടീഫിക്കേഷനുകളും, തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകികൊണ്ടും യോഗ്യത അംഗീകരിച്ച് കൊണ്ടും പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സ.ഉ (എം.എസ് )നം.101/2020/തസ്വഭവ, തീയതി: 26/6/202 - Exhibit No.P 6), കിലയുടെ സർവ്വീസ് ബൈലോ ഭേദഗതി ചെയ്ത സർക്കാർ ഉത്തരവ് (സ.ഉ (എം.എസ് )നം.115/2020/തസ്വഭവ 31/7/2020 -Exhibit No.P 10) എന്നിവ റദ്ദ് ചെയ്തിട്ടുണ്ട്.

മേൽ ഉത്തരവുകൾ റദ്ദ് ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ കിലയുടെ സർവ്വീസ് ബൈലോ നിയമാനുസൃതം ഭേദഗതി ചെയ്യുന്നതിനായി അടുത്ത കില ഗവേണിംഗ് കൗൺസിൽ യോഗത്തിൽ തീരുമാനത്തിനായി സമർപ്പിക്കുന്നതിനും ഗവേണിംഗ് കൗൺസിൽ തീരുമാനത്തിന് വിധേയമായി യോഗ്യതകൾ അംഗീകരിച്ച് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് വീണ്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്.

**മേൽ വിഷയം എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ നിർദ്ദേശത്തിനും തീരുമാനത്തിനുമായി സമർപ്പിക്കുന്നു.**

**തീരുമാനം**

**കിലയുടെ സർവ്വീസ് ബൈലോ കോടതി വിധിക്കനുസൃതമായി ഭേദഗതി വരുത്തുന്നതിനായി അടുത്ത കില ഗവേണിംഗ് കൗൺസിൽ യോഗം മുമ്പാകെ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി**

ഐറ്റം നമ്പർ : 11

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ റിപ്പോർട്ട്**

**1). ഒരു കോടി വീതം - സ്കൂൾ പദ്ധതി – സ്റ്റാറ്റസ് റിപ്പോർട്ട്**

428 സ്കൂളുകളിൽ 399 സ്കൂളുകളുടെ DPR ന് കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. തുടർന്ന് 341 സ്കൂളുകൾക്ക് സാങ്കേതികാനുമതി ലഭിക്കുകയും ആയതിൽ 334 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഇ-ടെണ്ടറുകൾ ക്ഷണിച്ചതിൽ 288 സ്കൂളുകളുടെ നിർമ്മാണത്തിനായുള്ള കരാറിൽ ഒപ്പുവെച്ചു. 214 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതിൽ നാളിതുവരെ 23 സ്കൂൾ പദ്ധതികളുടെ പ്രവൃത്തി പൂർത്തീകരിച്ച് ബഹു: സർക്കാർ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

**SPV - KILA - STATUS OF 446 SCHOOLS UNDER KIIFB 1 Cr Project.**

| | DISTRICT | Total No. works | Not Feasible works (Nos) | Newly added Works | Total No. works | Feasible works (Nos) | Approved by KIIFB | TS issued | Tendered | Agreement executed | Work Started | Works Finished | TS remaining: Pending due to corrections | TS remaining: TS pending due to various issues | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Thiruvananthapuram | 55 | 2 | 2 | 55 | 55 | 53 | 52 | 52 | 42 | 17 | 2 | 1 | 0 | |
| 2 | Kollam | 31 | 6 | 5 | 30 | 30 | 26 | 24 | 24 | 18 | 13 | 1 | 1 | 1 | |
| 3 | Pathanamthitta | 3 | 0 | 0 | 3 | 3 | 3 | 3 | 3 | 2 | 1 | 1 | 0 | 0 | |
| 4 | Alappuzha | 24 | 5 | 4 | 23 | 23 | 19 | 10 | 9 | 5 | 4 | 0 | 8 | 1 | |
| 5 | Kottayam | 9 | 0 | 0 | 9 | 9 | 9 | 7 | 7 | 4 | 4 | 0 | 1 | 1 | |
| 6 | Ernakulam | 25 | 4 | 2 | 23 | 23 | 21 | 15 | 14 | 11 | 8 | 0 | 5 | 1 | |
| 7 | Idukki | 12 | 0 | 0 | 12 | 12 | 12 | 12 | 11 | 9 | 8 | 0 | 0 | 0 | |
| 8 | Thrissur | 32 | 3 | 3 | 32 | 32 | 29 | 28 | 28 | 22 | 19 | 0 | 1 | 0 | |
| 9 | Palakkad | 36 | 0 | 0 | 36 | 36 | 34 | 34 | 34 | 34 | 25 | 3 | 0 | 0 | |
| 10 | Malappuram | 65 | 17 | 6 | 54 | 54 | 53 | 48 | 46 | 43 | 35 | 8 | 0 | 5 | |
| 11 | Kozhikkode | 31 | 3 | 3 | 31 | 31 | 29 | 22 | 21 | 21 | 16 | 1 | 2 | 5 | |
| 12 | Wayanad | 30 | 0 | 0 | 30 | 30 | 30 | 25 | 25 | 22 | 16 | 0 | 2 | 3 | |
| 13 | Kannur | 40 | 8 | 6 | 38 | 38 | 33 | 25 | 25 | 24 | 24 | 7 | 1 | 7 | |
| 14 | Kasaragod | 53 | 5 | 4 | 52 | 52 | 48 | 36 | 35 | 31 | 24 | 0 | 7 | 5 | |
| | **TOTAL** | **446** | **53** | **35** | **428** | **428** | **399** | **341** | **334** | **288** | **214** | **23** | **29** | **29** | |

**2). ഫീസിബിൾ അല്ലാത്ത സ്കൂളുകളുടെ പ്രവർത്തികൾ – 53 എണ്ണം**

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിൽ വരുത്തുന്നതിൻറെ ഭാഗമായി കിഫ്ബിയുടെ 1 കോടി രൂപാ സ്കൂൾ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിവിധ കാരണങ്ങളാൽ 53 പ്രവൃത്തികൾ ഫീസിബിൾ അല്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. ടി പ്രശ്നം പരിഹരിക്കുന്നതിലേക്കായി തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിങ് വിഭാഗമായും, പൊതു വിദ്യാഭ്യാസ സംരക്ഷണം യജ്ഞം മിഷനെയും ബന്ധപ്പെട്ടിരുന്നുവെങ്കിലും നിലവിലെ അവസ്ഥയിൽ മാറ്റം ഉണ്ടായിട്ടില്ല. ആയതിനാൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ 03.06.2022 തീയതിയിൽ നടന്ന മീറ്റിങ്ങിലെ

തീരുമാനം പ്രകാരം വ്യക്തമായ കാരണങ്ങളാൽ മുന്നോട്ട് കൊണ്ട് പോകുവാൻ കഴിയാത്ത പ്രസ്തുത പ്രവൃത്തികൾ കില പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ ചുമതലയിൽ നിന്നും ഒഴിവാക്കി തരുന്നതിലേക്കായി 20.06.2022 തിയതിൽ സർക്കാരിൽ കത്ത് സമർപ്പിച്ചിട്ടുണ്ട്.

**3). പുതിയ പ്രവർത്തികൾ – 35 എണ്ണം**

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിൽ വരുത്തുന്നതിൻറെ ഭാഗമായി കിഫ്ബിയുടെ 1 കോടി രൂപാ സ്കൂൾ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് തെരഞ്ഞെടുക്കപ്പെട്ട 446 സ്കൂളുകളിൽ ഉൾപ്പെട്ട 35 സ്കൂളുകളുടെ നിർമ്മാണം സാധ്യമാകാത്ത സാഹചര്യത്തിൽ പകരം സ്കൂളിൽ ഉൾപ്പെടുത്തി 35 സ്കൂൾ പ്രവർത്തികൾ കൂടെ 16/06/2022 –ലെ നം. GO(Rt) No.3632/2022/GEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കിലക്ക് ലഭ്യമാക്കിയിട്ടുണ്ട്. **(അനുബന്ധം –08)**

**4). മൂന്ന് കോടി വീതമുള്ള 200 സ്കൂൾ പദ്ധതികളുടെ നിർമ്മാണം – സ്റ്റാറ്റസ് റിപ്പോർട്ട്**

200 സ്കൂളുകളിൽ 150 സ്കൂളുകളുടെ Detailed Project Report (DPR) കിഫ്ബിയിൽ നിന്നും കിലക്ക് ലഭിച്ചിട്ടുണ്ട്. 13/05/2022 –ലെ നം. GO (Rt) No. 2960/2022/GEDN നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി സമിതികൾ ഒമ്പത് സ്കൂളുകൾക്ക് സാങ്കേതികാനുമതി നൽകി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത ഒമ്പത് സ്കൂളുകളുടെ പ്രവർത്തികൾക്ക് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. വിശദാംശം ചുവടെച്ചേർക്കുന്നു.

**SPV - KILA - STATUS OF 200 SCHOOLS UNDER KIIFB 3 Cr Project**

| | DISTRICT | Total No. works | Approved by KIIFB | TS issued | Tendered | Approved tenders | Agreement executed | Work Started | TS remaining: Pending due to corrections | TS remaining: TS pending due to various issues | Remarks |
|---|---|---|---|---|---|---|---|---|---|---|---|
| 1 | Thiruvananthapuram | 19 | 15 | 0 | | | | | | | |
| 2 | Kollam | 17 | 11 | 0 | | | | | | | |
| 3 | Pathanamthitta | 1 | 0 | 0 | | | | | | | |
| 4 | Alappuzha | 5 | 2 | 0 | | | | | | | |
| 5 | Kottayam | 1 | 1 | 0 | | | | | | | |
| 6 | Ernakulam | 2 | 0 | 0 | | | | | | | |
| 7 | Idukki | 3 | 1 | 0 | | | | | | | |
| 8 | Thrissur | 5 | 3 | 1 | | | | | | | |
| 9 | Palakkad | 31 | 24 | 1 | | | | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 10 | Malappuram | 50 | 44 | 2 | | | | | | | |
| 11 | Kozhikkode | 22 | 14 | 1 | | | | | | | |
| 12 | Wayanad | 4 | 3 | | | | | | | | |
| 13 | Kannur | 24 | 20 | 2 | | | | | | | |
| 14 | Kasaragod | 16 | 12 | 2 | | | | | | | |
| | TOTAL | 200 | 150 | 9 | 0 | 0 | 0 | 0 | 0 | 0 | |

### 5). 200 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പുതുക്കിയ ഭരണാനുമതി

കിഫ്ബിയുടെ 3 കോടി രൂപാ ധനസഹായത്താൽ പൊതു വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭ്യമായ 200 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി തുക 3 കോടിയിൽ നിന്നും 3.90 കോടിയായി ഭരണാനുമതി ഉയർത്തികൊണ്ട് 13/05/2022 -ലെ നം. GO (Rt) No. 2960/2022/GEDN നമ്പർ സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. **(അനുബന്ധം -09 )**

**കില – കിഫ്ബി സ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട മേൽ പ്രവർത്തനങ്ങളും നടപടികളും എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സാധൂകരണത്തിനും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു**

**തീരുമാനം**

**കില - കിഫ്ബി സ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്ത് വിലയിരുത്തി. ഇതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.**

ഐറ്റം നമ്പർ – 12

**കില കിഫ്ബി പദ്ധതി – പി.എം.യു യൂണിറ്റിന്റെ സുഗമമായ നടത്തിപ്പ് സംബന്ധിച്ച്**

**1). കില പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് – പൂർണ്ണ ചുമതല**

എഞ്ചിനീയറിങ് വൈവിധ്യത്തിന് മുകളിൽ കില ഡയറക്ടർ ജനറലിന് കില കിഫ്ബി സ്കൂൾ നിർമ്മാണ പദ്ധതിയിൽ ഇടപെടുന്നതിന് പരിമിതികൾ ഉള്ളതിനാൽ കില പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ പൂർണ്ണ ചുമതല LID & EW ചീഫ് എഞ്ചിനീയർക്ക് ആയിരിക്കണമെന്നും, ചീഫ് എഞ്ചിനീയർ പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ തലവൻ എന്നരീതിയിൽ സൂപ്പർവൈസറി ഇടപെടലുകൾ നടത്തണമെന്നും 03.06.2022 തീയതിയിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്

കില പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിൽ റീജിയണൽ മാനേജർ (ടെക്നിക്കൽ) തസ്തികയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കേഡറിലുള്ള ഉദ്യോഗസ്ഥരായ ശ്രീമതി ഫാത്തിമ വി.എം, ശ്രീ ഗിരീഷ് ആർ.ഡി & ശ്രീ. അനിൽകുമാർ എൻ എന്നിവർ ഡെപ്യൂട്ടേഷൻ കാലാവധി പൂർത്തിയാക്കി 05.05.2022 & 09.06.2022 തീയതികളിൽ പ്രൊജക്ട് മാനേജ്മന്റ് യൂണിറ്റിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട്. ചീഫ് മാനേജർ (ടെക്നിക്കൽ) തസ്തികയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സൂപ്രണ്ടിങ് എഞ്ചിനീയർ കേഡറിലുള്ള ശ്രീ. സന്തോഷ്കുമാർ എം.എസ് 31.05.2022 തീയതിയിൽ സർവിസിൽ നിന്നും വിരമിക്കുകയും ചെയ്തിട്ടുണ്ട്. മാനേജർ (ടെക്നിക്കൽ) തസ്തികയിൽ ശ്രീ ഗിരീഷ് വി.ആർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് മാനേജ്മന്റ് യൂണിറ്റിൽ നിന്നും 21.04.2022 തീയതിയിൽ വിടുതൽ ചെയ്തു.

**2). ഡെപ്യൂട്ടേഷൻ നിയമനം**

കില പ്രൊജക്ട് മാനേജ്മന്റ് യൂണിറ്റിൽ നിലവിൽ ഒഴിവുണ്ടായിരുന്ന തസ്തികകളിലേക്ക് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 11/07/2022 -ലെ സർക്കാർ ഉത്തരവ് നം. GO (Rt) No. 1647/2022/LSGD പ്രകാരം താഴെപ്പറയുന്നവർ നിയമിതരായിട്ടുണ്ട്.

| | |
|---|---|
| ചീഫ് മാനേജർ (ടെക്നിക്കൽ) (1) | Sri. Anil Kumar R.S – joined on 15/07/2022 |
| റീജിണൽ മാനേജർ (ടെക്നിക്കൽ) (3) | Smt. Mitha V Dharan – joined on 13/07/2022 |
| | Sri. Abdul Saleem M – joined on 22.07.2022 |
| മാനേജർ (ടെക്നിക്കൽ) | Sri. Safeer S joined on 21.04.2022 |

**3). എഞ്ചിനീറിംഗ് കൺസൾട്ടന്റുമാരെ നിയോഗിച്ചത് സംബന്ധിച്ച്**

ഒരു കോടി പ്രവൃത്തിയിൽ DPR തയ്യാറാക്കുന്ന ജോലികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരാണ് ചെയ്തിരുന്നത്. എന്നാൽ LSGD ചീഫ് എഞ്ചിനീയറുടെ 25.11.2021 ലെ സർക്കുലർ പ്രകാരം അത്തരം ചുമതലകൾ LSGD അസിസ്റ്റന്റ് എഞ്ചിനീയർമാർ ചെയ്യേണ്ടതില്ലെന്ന സന്ദേശം പ്രകാരം പ്രസ്തുത ചുമതലകൾ കൂടി KILA PMU അധികമായി ഏറ്റെടുക്കേണ്ടി വന്നു. ഈ സാഹചര്യത്തിൽ മൂന്ന് കോടി സ്കൂൾ നിർമ്മാണ പദ്ധതിയുടെ ഭാഗമായി DPR തയ്യാറാക്കുന്ന പ്രവർത്തികൾ KILA PMU സ്വീകരിച്ചുവരികയാണ്. ആയതിലേക്ക് ആവശ്യമായ ജീവനക്കാരെ

ക്രമീകരിക്കുന്നതിന്റെ ഭാഗമായി കൺസൾട്ടൻസി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള എഞ്ചിനീറിംഗ് കൺസൾട്ടന്റ് റാങ്ക് ലിസ്റ്റിൽ നിന്നും 35,300/- രൂപ സേവന വേതന വ്യവസ്ഥയിൽ താഴെ പറയും പ്രകാരം ഉദ്യോഗാർത്ഥികളെ നിയോഗിക്കുകയുണ്ടായി.

| Sl No | Name | Designation | Date of Joining |
|---|---|---|---|
| 1 | Sri Athul Kumar | Engineering Consultant (Electrical) | Region 1 |
| 2 | Sri Afsal K H | Engineering Consultant (Electrical) | Region 2 |
| 3 | Sri. Abdul Vaheed K P | Engineering Consultant (Electrical) | Region 2 |
| 4 | Sri Akhil PK | Engineering Consultant (Electrical) | Region 3 |
| 5 | Sri Bidin Das.K | Engineering Consultant (Civil) | Kozhikkode |
| 6 | Smt Chithrakala | Engineering Consultant (Civil) | Thiruvananthapuram |
| 7 | Sri Sadhakhani | Engineering Consultant (Civil) | Kollam |
| 8 | Sri Nithin Odungad | Engineering Consultant (Civil) | Malappuram |
| 9 | Sri Fazil Aslam.T.A | Engineering Consultant (Civil) | Palakkad |
| 10 | Sri Shithin PM | Engineering Consultant (Civil) | Kannur |
| 11 | Smt Anisha Mohan.J | Engineering Consultant (Civil) | Thiruvananthapuram |
| 12 | Sri Athul Sasidharan | Engineering Consultant (Civil) | Kollam |
| 13 | Sri Adilsha.P.V | Engineering Consultant (Civil) | Malappuram |
| 14 | Smt Aryalakshmi | Engineering Consultant (Civil) | Kozhikkode |
| 15 | Sri Shinto.K.K | Engineering Consultant (Civil) | Wanayad |
| 16 | Sri Prinsha T | Engineering Consultant (Civil) | Kannur |
| 17 | Smt. Rashmi NK | Engineering Consultant (Civil) | Kasragod |
| 18 | Sri Vijesh.K.V | Engineering Consultant (Civil) | Palakkad |
| 19 | Sri Srutheesh MV | Engineering Consultant (Civil) | Malappuram |
| 20 | Sri. Ajith Raju | Engineering Consultant (Civil) | Idukki |
| 21 | Sri. Akhil PA | Engineering Consultant (Civil) | Thrissur |
| 22 | Smt. Arya R | Engineering Consultant (Civil) | Ernakulam |
| 23 | Sri. Aneesh K R | Consulting Engineer in Structural Engineering | Thiruvananthapuram |

**4). Project Interns – നിയോഗിച്ചത് സംബന്ധിച്ച്**

കില കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് പത്തനംതിട്ട, ഇടുക്കി ജില്ലകളിലെ Project Interns ന്റെ ഒഴിവിലേക്ക് സാഹചര്യത്തിൽ താഴെ സൂചിപ്പിക്കുന്നവരെ ASAP നിന്നും ലഭ്യമാക്കിയ ലിസ്റ്റിൽ നിന്നും 24,040/- രൂപ സേവന വേതന വ്യവസ്ഥയിൽ ഉദ്യോഗാർത്ഥികളെ നിയോഗിക്കുകയുണ്ടായി.

| Sl No | Name | Designation | Date of Joining |
|---|---|---|---|
| 1 | Sumayya Ansari | Engineering Intern | Idukki |
| 2 | Vishnu Thulasi | Engineering Intern | Pathanamthitta |

കില- കിഫ്ബി പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുമായി ബന്ധപ്പെട്ട മേൽ പ്രവർത്തനങ്ങളും നടപടികളും എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സാധൂകരണത്തിനും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു

**തീരുമാനം:**

**കില- കിഫ്ബി പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുമായി ബന്ധപ്പെട്ട് കില കൈക്കൊണ്ടിട്ടുള്ള നടപടികൾ എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്ത് സാധൂകരണത്തോടെ അംഗീകരിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി .**

**ഐറ്റം നമ്പർ : 13**

**കില - പരിശീലന ആവശ്യങ്ങൾക്കായി പരിശീലന സാമഗ്രികൾ വാങ്ങിക്കുന്നത് സംബന്ധിച്ച് –**

**1). പേപ്പർ പേനകൾ വാങ്ങിക്കുന്നത് സംബന്ധിച്ച്.**

പ്ലാസ്റ്റിക് പേനയുടെ ഉപയോഗം കുറക്കുന്നതിന്റെ ഭാഗമായി കിലയിലെ വിവിധ പരിശീലങ്ങളിൽ വിതരണം ചെയ്യുന്നതിനായി പേപ്പർ പേനകളാണ് ഉപയോഗിച്ചുവരുന്നത്. കിലയിലെ വിവിധ പരിശീലന ആവശ്യങ്ങളിലേക്കായി വിതരണം ചെയ്യുന്നതിനായി കുടുംബശ്രീ ബഡ്സ് സ്കൂളുകൾ, വിവിധ ചാരിറ്റബിൾ സംഘടനകൾ, വീൽചെയർ അസോസിയേഷനുകൾ, സൊസൈറ്റികൾ, എൻഡോസൾഫാൻ ദുരിത ബാധിതർ, പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റുകൾ തുടങ്ങിയ സംഘടനകളിൽ നിന്നും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളിൽ നിന്നുമാണ് പേപ്പർ പേനകൾ വാങ്ങിച്ചുവരുന്നത്. ആയതിന്റെ വിശദവിവരങ്ങൾ ചുവടെ നൽകിയിരിക്കുന്നത് കണ്ടാലും.

| ക്രമ നം. | സംഘടനയുടെ പേര് | വിലാസം | പേനയുടെ വില (രൂപയിൽ) |
|---|---|---|---|
| 1 | വീൽചെയർ യൂസേഴ്സ് അസോസിയേഷൻ | Reg.no.ALP/TC/443/2017 കണ്ണൂർ ജില്ല | 8.00 |
| 2 | ജനനി എഡ്യുക്കേഷണൽ & കൾച്ചറൽ ചാരിറ്റബിൾ സൊസൈറ്റി | Reg.no.244/03 താരേക്കാട് ഗ്രാമം,പാലക്കാട് | 8.00 |
| 3 | ബഡ്സ് സ്കൂൾ (കുടുംബശ്രീ) | കണ്ണൂർ ജില്ല | 8.00 |
| 4 | ആലപ്പുഴ ജില്ലാ വീൽചെയർ യൂസേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി . | Reg.no.A 1232 ആലപ്പുഴ. | 7.50 |
| 5 | മോഹനൻ കെ KEYEM CRAFTS | പയ്യന്നൂർ, കണ്ണൂർ 670307. | 8.00 |
| 6 | ഹാപ്പി ഫൌണ്ടേഷൻ അട്ടപ്പാടി | Reg.No.6/16(IV) | 8.00 |
| 7 | പെയിൻ & പാലിയേറ്റീവ് കെയർ സൊസൈറ്റി | തൃശ്ശൂർ . | 8.00 |
| 8 | രമേശൻ ബോവിക്കാനം കൈരളി | കാസറഗോഡ് | 8.00 |
| 9 | വേണു അംബ്രല്ല വർക്സ് | തടുകശ്ശേരി , പാലക്കാട്,കേരളശ്ശേരി | 8.00 രൂപ (ക്രാഫ്റ്റ് പേപ്പർ പേന) 6.00 രൂപ (നോട്ടീസ് പേപ്പർ പേന) |

**കിലയിലെ വിവിധ പരിശീലന ആവശ്യങ്ങളിലേക്കായി വിതരണം ചെയ്യുന്നതിനായി മുകളിൽ പറഞ്ഞിരിക്കുന്ന ഏജൻസികൾ / വ്യക്തികളിൽ നിന്നും പേപ്പർ പേനകൾ വാങ്ങിയത് സാധൂകരിക്കുന്നതിനും തുടർന്നും പരിശീലനാവശ്യങ്ങൾക്ക് ഇത്തരത്തിൽ പേനകൾ വാങ്ങിക്കുന്നതിനുള്ള അംഗീകാരത്തിനും എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

2). തുണിബാഗ് വാങ്ങുന്നത് സംബന്ധിച്ച്.

കിലയിലെ പരിശീലനാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി 2019 ജൂൺ 6 ലെ കരാറുപ്രകാരം കാഞ്ഞിരോട് വീവേഴ്സ്കോപ്പറേറ്റിവ് പി & എസ് സൊസൈറ്റി ലിമിറ്റഡ് കണ്ണൂരിൽ നിന്നും മോഡൽ 14,15 തുണി ബാഗുകൾ യഥാക്രമം 190,125 ( എല്ലാ നികുതികളും ഉൾപ്പെടെ) രൂപക്കാണ് വാങ്ങിയിരുന്നത്. ബാഗ് നിർമിക്കാനുപയോഗിക്കുന്ന നൂലിന്റെ വിലയിലും തൊഴിലാളികളുടെ കൂലിയിലുള്ള വർദ്ധനവും കണക്കിലെടുത്ത് ബാഗിന്റെ വിലയിൽ മാറ്റം വരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 11/03/2022 തിയ്യതിയിൽ സെക്രട്ടറി കാഞ്ഞിരോട് വീവേഴ്സ്കോപ്പറേറ്റിവ് പി & എസ് സൊസൈറ്റി ലിമിറ്റഡിന്റെ കത്ത് ലഭ്യമായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 22/04/2022 മുതൽ മോഡൽ 14 ബാഗിന് 10 രൂപ വർദ്ധനവ് വരുത്തി 200 രൂപ (എല്ലാ നികുതികളും ഉൾപ്പെടെ) ആക്കി നൽകിയിട്ടുണ്ട്.

**മേൽ പ്രവർത്തികൾ എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സാധൂകരണത്തിനും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു**

**തീരുമാനം :**

**കില പരിശീലന ആവശ്യങ്ങൾക്കായി പരിശീലന സാമഗ്രികൾ വാങ്ങിയതുമായി ബന്ധപ്പെട്ട് കില കൈക്കൊണ്ടിട്ടുള്ള നടപടികൾ എക്സിക്യൂട്ടീവ് കമ്മറ്റി സാധൂകരണത്തോടെ അംഗീകരിച്ചു.**

ഐറ്റം നം. 14

**കില തദ്ദേശകം – സ്റ്റുഡിയോ സ്ഥാപിക്കുന്നത് സംബന്ധിച്ച്**

വിവിധ വികസന മേഖലകളെ കുറിച്ചുള്ള അറിവ്, മികച്ച മാതൃകകളുടെ അവതരണം തുടങ്ങിയ വിവര/വിജ്ഞാന വ്യാപനത്തിലൂടെ ഓരോ ഘട്ടത്തിലും ആവശ്യങ്ങൾക്കനുസൃതമായി അനുരൂപമായ പദ്ധതികളും അനുയോജ്യമായ തന്ത്രങ്ങളും ആവിഷ്കരിച്ച് തദ്ദേശഭരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാണ് കില 'തദ്ദേശകം' എന്ന ഓൺലൈൻ വാർത്താ ചാനലിന് തുടക്കം കുറിച്ചിട്ടുള്ളത്. വിവിധ വികസന മേഖലകൾ, സർക്കാരിന്റെ വിവിധ പരിപാടികൾ, അനുകരണീയവും മാതൃകാപരവുമായ വിവിധ പ്രോജക്ടുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ, വിവിധ മേഖലകളിൽ വിജ്ഞാനവും അനുഭവ ജ്ഞാനമുള്ള വിദഗ്ധരുടെ അഭിപ്രായങ്ങൾ തുടങ്ങി എല്ലാ തലത്തിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് അവതരിപ്പിക്കുകയാണ് ഈ വാർത്താ ചാനൽ കൊണ്ട് ഉദ്ദേശിക്കുന്നത്. സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി പ്രസ്തുത വാർത്താ ചാനലിന്റെ ഉദ്ഘാടനം 2022 മെയ് 18 ന് നിർവ്വഹിച്ചു തദ്ദേശകം ഓൺലൈൻ വാർത്തകൾ എല്ലാ ബുധനാഴ്ചകളിലും ഉച്ചക്ക് 1.30 മുതൽ 2.30 വരെ സംപ്രേക്ഷണം ചെയ്തുവരുന്നുണ്ട്.

തദ്ദേശകം വാർത്താ ചാനലിലേക്ക് ആവശ്യമായ വാർത്തകൾ സംപ്രേക്ഷണം ചെയ്യുന്നതിനായി ആധുനിക രീതിയിലുള്ള ഒരു സ്റ്റുഡിയോ കിലയിൽ സജ്ജീകരിക്കേണ്ടതുണ്ട്. ഇതിനായി ആരവലി ഗസ്റ്റ് ഹൗസിലെ പഴയ കമ്പ്യൂട്ടർ ലാബ് സ്റ്റുഡിയോ ആക്കി സജ്ജീകരിക്കുന്നതിലേക്കായി civil work including acoustics wall, green screen for chroma cutting, ceiling, partition of studio space and editing space, purchase of equipments, furniture, air condtioner, UPS തുടങ്ങിയവ ഉൾപ്പെടെ ഏകദേശം 34.80 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. വിശദാംശം ചുവടേചേർക്കുന്നു.

| Sl No | Item | Price |
|---|---|---|
| 1 | Audio Visual Item Purchase | ₹ 16,65,700.00 |
| 2 | Civil Work | ₹ 14,74,500.00 |
| 3 | Furniture Purchase | ₹ 70,000.00 |
| 4 | Air-Condition Purchase | ₹ 70,000.00 |
| 5 | UPS Purchase | ₹ 2,00,000.00 |
| | **Grand Total** | **₹ 34,80,200.00** |

സ്റ്റുഡിയോ സജ്ജീകരിക്കുന്നതിനായി ആവശ്യമായ സാധന സാമഗ്രികളുടെ Technical Specification അന്തിമമാക്കുന്നതിനും ടെൻഡർ നടപടികൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനും പർച്ചേസ് ചെയ്യുന്ന വസ്തുക്കളുടെ മേൽനോട്ടം വഹിക്കുന്നതിലേക്കായി 2 വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.

**കിലയുടെ തനത് ഫണ്ട് ഉപയോഗിച്ചുകൊണ്ട് സ്റ്റുഡിയോ സജ്ജീകരിക്കുന്നതിനായി മേൽ പ്രൊപ്പോസൽ കില എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.**

തീരുമാനം :

കിലയുടെ തനത് ഫണ്ട് ഉപയോഗിച്ചുകൊണ്ട് സ്റ്റുഡിയോ സജ്ജീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. GeM പോർട്ടലിൽ ലഭ്യമായ ഉപകരണങ്ങൾ GeM പോർട്ടൽ മുഖാന്തിരവും GeM പോർട്ടലിൽ ലഭ്യമല്ലാത്തവ ടെണ്ടർ/ക്വട്ടേഷൻ നടപടികളിലൂടെയും വാങ്ങുന്നതിനും തീരുമാനിച്ചു. സ്റ്റുഡിയോ സജ്ജീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി .

ഐറ്റം നമ്പർ – 15

**കൺസൾട്ടന്റുമാർക്കുള്ള വേതനം നിശ്ചയിക്കുന്നത് – സംബന്ധിച്ച്**

ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി കില കരാറിൽ ഏർപ്പെട്ടതിന്റെ ഭാഗമായി വിവിധ പ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് അതത് നിലയ്ക്ക് യോഗ്യതയുള്ള വിദഗ്ധരെ നിയോഗിക്കേണ്ടിവരുന്നുണ്ട്.

കിലയുടെ MoA യുടെ ഖണ്ഡിക 8(4) പ്രകാരം കിലയിലെ പ്രവർത്തനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിദഗ്ധർ/കൺസൾട്ടന്റ് എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ വിശദാംശവും വേതനവും അടങ്ങിയ പ്രോട്ടോകോൾ കില ഡയറക്ടർ തയ്യാറാക്കി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് അംഗീകാരം നേടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം ഡയറക്ടർക്ക് വിദഗ്ധരെ നിയോഗിക്കുന്നതിനും പരമാവധി ഒരു ലക്ഷം രൂപ വരെ മാസ വേതനം/ഫീസ്/ഹോണറേറിയം നൽകുന്നതിനും അധികാരപ്പെടുത്തിയിട്ടുണ്ട്. വർഷാവർഷം എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് ആയത് പുതുക്കണമെന്നും നിഷ്കർച്ചിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ **വിദഗ്ധർ/കൺസൾട്ടന്റ് എന്നിവരുടെ സേവനം, വേതനം തുടങ്ങിയ വിശദാംശങ്ങളടങ്ങിയ പ്രോട്ടോകോൾ (അനുബന്ധം– 10) 2022–23 സാമ്പത്തിക വർഷത്തിലേക്ക് പുതുക്കി അംഗീകാരം ലഭ്യമാകുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം**

**വിദഗ്ധർ /കൺസൾട്ടന്റ് എന്നിവരുടെ സേവനം, വേതനം തുടങ്ങിയ വിശദാംശങ്ങളടങ്ങിയ പ്രോട്ടോകോൾ എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ മുൻ സാമ്പത്തിക വർഷത്തിൽ പുതുക്കിയത് സാധൂകരിച്ചുകൊണ്ടും 2022–23 സാമ്പത്തിക വർഷത്തിൽ പുതുക്കി നൽകുന്നതിനും എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു**

ഐറ്റം നമ്പർ – 16

റിപ്പോർട്ടിംഗ് – വിവിധ പുതിയ പ്രോജക്ടുകൾ സംബന്ധിച്ച്

| # | Name of Project | Funding Agency | Duration of Project | Project Amount | Purpose /aim of Project | Human Resources Engaged |
|---|---|---|---|---|---|---|
| 1. | One Health Programme in Kerala - Local Government based Capacity Building Programmes | Health and Family Welfare Department – GoK | 2 Months(July -August 2022 | INR 18,58,683 | 1.To conduct orientation and sensitisation workshops to the elected members core state/district level officials and LSGs on one health programme implementation<br>2. To provide enabling environment and sustained support for the effective implementation of one health programme in the state by capacity building interventions | |
| | Strengthening Child Protection Committees of the Local Governments of Kerala | Women and Child Development Dept, GoK & KILA | 5 Months( August-December 2022) | INR 13,56,885 | 1. To review and assess the functioning of Child Protection Committees in the State<br>2. To document best practices related to Child Protection Committees in the State<br>3. To build capacities of resource persons to train CPC functionaries | |
| | Localizing SDGs for Child Rights Realisation and Gender Equality | UNICEF | March – December 2022 | INR 53,99,250 | To help GPs achieve the children, adolescent and women focussed SDGs in line with the recommendations made by the EXPERT GROUP ON LOCALISATION OF SDGs. | 4 Research Assistants –<br>1. Yadhukrishnan R S<br>2.Aiswarya Ganesh<br>3.Anu Roy<br>4. Nithin P M |
| | Up-Scaling Community Resilience through Ecosystem-based Disaster Risk Reduction (Eco-DRR) | UNEP | 20-01-2022 to 31-12-2022 | 70630 USD (INR 52,97,250) | Increased investments and uptake of Eco DRR measures by public and private sectors through national, regional and global programmes or initiatives in project countries | Geethu M G & Drishya Viswan – Project Coordinators |

| # | Name of Project | Funding Agency | Duration of Project | Project Amount | Purpose /aim of Project | Human Resources Engaged |
|---|---|---|---|---|---|---|
| | One Local Government One Idea | KDISC | 18-3-2022 to 18-3-2023 | INR 2 Crores | 1.To Promote and enrich management policies and practices in the manufacturing , service and development sector.<br>2.To augment and develop entrepreneurial potential in the state through an integrated identification-training support package.<br>3.To provide assistance to governmental /voluntary/corporate agencies for strengthening management of developmental programmes and projects in rural and urban areas, through research studies, consulting, training programmes and advisory services | 1.Programme Coordinators ( 2 persons – Shyju M & Vineeth K)<br>2. District Coordinators(14 Nos – Now 7 numbers- Albin K D, Rejila P M, Nimisha Babu, Vivek Ramachandran, Aswathy Shaji, Akhila Haridas & Ajmal A) |

**തീരുമാനം**

**കില ഏറ്റെടുത്ത് നടത്തുന്ന വിവിധ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചർച്ച ചെയ്ത് എക്സിക്യൂട്ടീവ് കമ്മറ്റി വിലയിരുത്തി. പ്രോജക്ടിന്റെ സുഗമമായ നടത്തിപ്പിലേക്കും സമയബന്ധിതമായ പൂർത്തീകരണത്തിനും ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി**

<u>അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ</u>

**യോഗം വൈകിട്ട് 5.45 ന് അവസാനിച്ചു.**

**ചെയർപേഴ്സൺ, എക്സിക്യൂട്ടീവ് കമ്മിറ്റി**